

# പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

(As ISO 9001:2015 certified Institution)

## 14–ാം പഞ്ചവത്സര പദ്ധതി

# അന്തിമ പദ്ധതി രേഖ
# 2026 – 2027



# ഭരണസമിതി അംഗങ്ങൾ



**ശ്രീമതി ശ്രീലത ജി.**
സെക്രട്ടറി



**ശ്രീ. ഷെജി ജേക്കബ്**
പ്രസിഡന്റ്



**ശ്രീമതി സിസി ജെയ്സൺ**
വൈസ് പ്രസിഡന്റ്



**ശ്രീമതി നൈസി ഫെബിൻ**
ചെയർപേഴ്സൺ
(വികസന സ്റ്റാന്റിംഗ് കമ്മിറ്റി)



**ശ്രീമതി അജിത മോൾ കെ. ആർ.**
ചെയർപേഴ്സൺ
(ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി)



**ശ്രീമതി വീണ ബാബു**
ചെയർപേഴ്സൺ
(വിദ്യാഭ്യാസ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി)



**ശ്രീ. ബോബി പള്ളിക്കാപറമ്പിൽ**
മെമ്പർ



**ശ്രീമതി സിബി ബേസിൽ**
മെമ്പർ



**ശ്രീമതി ലിസി കുരുവിള**
മെമ്പർ




**ശ്രീ. റാജി വിജയൻ**
മെമ്പർ



**ശ്രീ. ബെൽജി മാത്യു**
മെമ്പർ



**ശ്രീ. ശരത് രാജൻ**
മെമ്പർ



**ശ്രീ. ഡായി തോമസ്**
മെമ്പർ



**ശ്രീമതി പുഷ്പലത കെ. സി.**
മെമ്പർ



**ശ്രീ. ജോബി ജോസ്**
മെമ്പർ



# പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

(As ISO 9001:2015 certified Institution)

## 14 – ാം പഞ്ചവത്സര പദ്ധതി

# അന്തിമ പദ്ധതിരേഖ

# 2026 – 2027



**അഡ്വ. ഡീൻ കുര്യാക്കോസ് എം. പി.**
ലോകസഭാ പ്രതിനിധി, ഇടുക്കി



**അഡ്വ. മാത്യു കുഴൽനാടൻ എം.എൽ.എ.**
നിയമസഭാ പ്രതിനിധി



**ശ്രീ. ജോമി തെക്കേക്കര**
ജില്ലാ പഞ്ചായത്ത് മെമ്പർ
വാരപ്പെട്ടി ഡിവിഷൻ



**ശ്രീ. സിജോ ജോൺ**
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ
പൈങ്ങോട്ടൂർ ഡിവിഷൻ



**ശ്രീ. ജേക്കബ് വർഗ്ഗീസ്**
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ
പോത്താനിക്കാട് ഡിവിഷൻ



**ശ്രീ. എൽദോ ഐസക്**
ആസൂത്രണ സമിതി
ഉപാദ്ധ്യക്ഷൻ



# ആമുഖം

നമ്മുടെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൻറെ വികസന ലക്ഷ്യങ്ങൾ മുൻനിർത്തി തയ്യാറാക്കിയ ഈ അന്തിമ പദ്ധതി രേഖ പഞ്ചായത്തിന്റെ സമഗ്ര പുരോഗതിയിലേക്കുള്ള ദിശാബോധകരമായ രേഖയാണ്. ജനങ്ങളുടെ ആവശ്യങ്ങളും നിർദേശങ്ങളും പരിഗണിച്ചുകൊണ്ട് സുതാര്യതയും ഉത്തരവാദിത്വവും മുൻനിർത്തിയാണ് 2026–27 വാർഷിക പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. പഞ്ചായത്ത് ഭരണസമിതി, വിവിധ സ്റ്റാൻന്റിംഗ് കമ്മിറ്റികൾ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, കൂടാതെ ഗ്രാമസഭകളിലൂടെപ ങ്കെടുത്തന ാട്ടുകാരുടെവ ിലപ്പെട്ടന ിർദേശങ്ങളും സഹകരണവും ഈ പദ്ധതി രേഖയുടെ അടിത്തറയായി. അവരുടെ കൂട്ടായ പരിശ്രമം കൊണ്ടാണ് ഈ രേഖ സമഗ്രവും പ്രായോഗികവുമായ രൂപം കൈവരിച്ചത്.

സാമൂഹിക സുരക്ഷ, അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസം, ആരോഗ്യരംഗം, വനിതാ ശാക്തീകരണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ ദീർഘകാല വീക്ഷണത്തോടെ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

പഞ്ചയത്തിന്റെ സമഗ്ര പുരോഗതിയും ജനങ്ങളുടെ ക്ഷേമവും ലക്ഷ്യമാക്കി കൂടുതൽ പ്രതിബദ്ധതയോടെ മുന്നോട്ട് പോകാം.

സ്നേഹപൂർവ്വം

(ഒപ്പ്)
**ഷെജി ജേക്കബ്**
പ്രസിഡന്റ്



# സന്ദേശം

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ നാളെയെ രൂപപ്പെടുത്തുന്ന ദിശാബോധമുള്ള ഇടപെടലുകളുടെ സമാഹാരമാണ് ഈ അന്തിമ പദ്ധതി രേഖ. പഞ്ചായത്ത് ഭരണസമിതിയുടെയും, വിവിധ സ്റ്റാൻന്റിംഗ് കമ്മിറ്റികളുടെയും, ഉദ്യോഗസ്ഥരുടെയും, ജനപ്രതിനിധികളുടെയും, നാട്ടുകാരുടെയും ഏകോപിതമായ പ്രവർത്തനഫലമായാണ് ഈ പദ്ധതി രൂപീകരണം വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞത്. പദ്ധതിയുടെ ആസൂത്രണഘട്ടം മുതൽ വ്യക്തമായ ലക്ഷ്യങ്ങളും പ്രായോഗിക നടപടികളും മുൻനിർത്തിയാണ് പദ്ധതി രൂപീകരണം നടത്തിയിട്ടുള്ളത്. സാമൂഹിക, സാമ്പത്തിക, പരിസ്ഥിതി മേഖലകളിലെ പുരോഗതിയെ ഉറപ്പാക്കുന്ന തരത്തിൽ വിവിധ വികസന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ രേഖ ഭാവിയിലുള്ള വികസന പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശകമാവുകയും പഞ്ചായത്തിന്റെ സമഗ്ര പുരോഗതിക്ക് വഴി തെളിക്കുമെന്നും പ്രത്യാശിക്കുന്നു. പദ്ധതി രൂപീകരണം വിജയകരമായി നടപ്പാക്കുന്നതിനായി സഹകരിച്ച എല്ലാ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

പഞ്ചായത്തിന്റെ ക്ഷേമവും പുരോഗതിയും ലക്ഷ്യമാക്കി ഇനിയും കൂടുതൽ പ്രതിബദ്ധതയോടെ മുന്നോട്ട് പോകാമെന്ന ഉറച്ച വിശ്വാസത്തോടെ.

സ്നേഹപൂർവ്വം

(ഒപ്പ്)
**സിസി ജെയ്സൺ**
വൈസ് പ്രസിഡന്റ്



# സന്ദേശം

ഈ അന്തിമ പദ്ധതിരേഖ നമ്മുടെ കൂട്ടായ പരിശ്രമത്തിന്റെയും സമർപ്പിതമായ പ്രവർത്തനത്തിന്റെയും ഫലമാണ്. പദ്ധതി രൂപീകരണ ആരംഭം മുതൽ സമാപനം വരെ എല്ലാവരും ആത്മാർത്ഥമായി സഹകരിച്ചതിനാലാണ് അന്തിമ പദ്ധതി വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞത്. ഈ രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, വിലയിരുത്തലുകൾ എന്നിവ ഭാവിയിലുള്ള പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശകമാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. പദ്ധതി രൂപീകരണത്തിന് പിന്തുണയും നിർദേശങ്ങളും നൽകിയ എല്ലാ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

സ്നേഹപൂർവ്വം

(ഒപ്പ്)
**നൈസി ഫെബിൻ**
വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ

# ഉള്ളടക്കം


1. തദ്ദേശ ഭരണസ്ഥാപനത്തിന്റെ വികസനസ്ഥിതി
2. വാർഷിക പദ്ധതി അവലോകനം
3. പ്രശ്നവിശകലനവും പ്രശ്നപരിഹാര സാധ്യതകളും
4. വികസന കാഴ്ച്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം
5. വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും
6. പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും
7. പ്രത്യേക പദ്ധതികൾ/പരിപാടികൾ
8. വായ്പാ ബന്ധങ്ങൾ
9. സമഗ്ര പരിപാടികളും സംയോജന സാദ്ധ്യതകളും
10. മോണിറ്ററിംഗ്

# ഭരണസമിതി അംഗങ്ങൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ഷെജി ജേക്കബ് | Mob: 9744076499 |
| വൈസ് പ്രസിഡന്റ് | ശ്രീമതി സിസി ജെയ്സൺ | Mob: 9562566237 |
| ചെയർമാൻ (വികസനകാര്യം) | ശ്രീമതി നൈസി ഫെബിൻ | Mob: 9961960091 |
| ചെയർപേഴ്സൺ (ക്ഷേമകാര്യം) | ശ്രീമതി അജിതമോൾ കെ.ആർ. | Mob: 7025321296 |
| ചെയർമാൻ (വിദ്യാഭ്യാസം, ആരോഗ്യം) | ശ്രീമതി വീണ സാബു | Mob: 8943092403 |
| വാർഡ് - I മെമ്പർ | ശ്രീ. ബോബി പള്ളിക്കാപറമ്പിൽ | Mob: 9447814492 |
| വാർഡ് - II മെമ്പർ | ശ്രീമതി സിബി ബേസിൽ | Mob: 9061675172 |
| വാർഡ് - III മെമ്പർ | ശ്രീമതി ലിസ്സി കുരുവിള | Mob: 9446813799 |
| വാർഡ് - IV മെമ്പർ | ശ്രീ. റാജി വിജയൻ | Mob: 9447813553 |
| വാർഡ് - V മെമ്പർ | ശ്രീ. ബെൽജി മാത്യു | Mob: 8256868610 |
| വാർഡ് - VII മെമ്പർ | ശ്രീ. ശരത്ത് രാജൻ | Mob: 9947868760 |
| വാർഡ് - X മെമ്പർ | ശ്രീമതി പുഷ്പലത കെ.സി. | Mob: 9074473906 |
| വാർഡ് - IX മെമ്പർ | ശ്രീ. ഡായി തോമസ് | Mob: 9447612643 |
| വാർഡ് - XIII മെമ്പർ | ശ്രീ. ജോബി ജോസ് | Mob: 9744076499 |

# ആസൂത്രണസമിതി അംഗങ്ങൾ

| പേര് | മേൽവിലാസം | സ്ഥാനം |
|---|---|---|
| ഷെജി ജേക്കബ് | പ്രസിഡന്റ് | ചെയർമാൻ |
| എൽദോ ഐസക്ക് | കൊറ്റത്ത്, പൈങ്ങോട്ടൂർ | ഉപാദ്ധ്യക്ഷൻ |
| സിസി ജെയ്സൺ | വൈസ് പ്രസിഡന്റ് | വൈസ് പ്രസിഡന്റ് |
| നൈസി ഫെബിൻ | ചെയർപേഴ്സൺ | വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| അജിതമോൾ കെ.ആർ. | ചെയർപേഴ്സൺ | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| വീണ ബാബു | ചെയർപേഴ്സൺ | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| ശ്രീലത ജി. | സെക്രട്ടറി | കൺവീനർ |
| മിൽസി ഷാജി | ആടുകുഴിയിൽ, പൈങ്ങോട്ടൂർ | അംഗം |
| റോബിൻ അബ്രഹാം | മ്യാലിൽപുത്തൻപുരയിൽ, കടവൂർ | അംഗം |
| സാബു മത്തായി | പടിഞ്ഞാറെതൊട്ടിയിൽ | അംഗം |
| ആനിസ് ഫ്രാൻസിസ് | പടിഞ്ഞാറേൽ, കടവൂർ | അംഗം |
| എൻ.കെ. എൽദോസ് | നെല്ലിയാനിക്കുഴി, ചാത്തമറ്റം | അംഗം |
| അജിംസ് പി.എം. | പടിഞ്ഞാറേവീട്ടിൽ, കടവൂർ | അംഗം |
| ലുഷാദ് ഇബ്രാഹിം | പെരുങ്ങാട്ടുപുത്തൻപുരയിൽ, കടവൂർ | അംഗം |
| അമൃത രാജ് | സീനിയർ ക്ലാർക്ക് | ജോ. കൺവീനർ |

## ജീവനക്കാർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീമതി ശ്രീലജ ജി. | Mob: 9496045807 |
| അസി സെക്രട്ടറി | ശ്രീ. സുരേഷ് എം.എൻ. | |
| ഹെഡ് ക്ലർക്ക് | ശ്രീമതി അമീന പി.എച്ച്. | |
| അക്കൗണ്ടന്റ് | ശ്രീ. രാജേഷ് എം.ആർ. | |
| സീനിയർ ക്ലർക്ക് | ശ്രീമതി അമൃത രാജ് | |
| | ശ്രീമതി ഷെമി കെ.കെ. | |
| ക്ലർക്ക് | ശ്രീ. ബിനോയി ജെയിംസ് | |
| | ശ്രീമതി ഡെയ്സി ജോസഫ് | |
| | ശ്രീ. ഗിരീഷ് സി.കെ. | |
| ഓഫീസ് അറ്റൻഡന്റ് | ശ്രീമതി റൂണ ശിവ് | |
| പി.റ്റി.എസ്. | ശ്രീമതി ത്രേസ്യാമ്മ ബേബി | |
| ലൈബ്രേറിയൻ & പാർട്ട് ടൈം കണ്ടിജന്റ് | ശ്രീ. ബിജു ഏലിയാസ് | |
| ഡ്രൈവർ | ശ്രീ. ബിജു ജോസഫ് | |
| എസ്.സി. പ്രൊമോട്ടർ | ശ്രീ. അജിത് | |
| ടെക്നിക്കൽ അസിസ്റ്റന്റ് | ശ്രീമതി അഞ്ജു രമണൻ | |
| പ്രോജക്ട് അസിസ്റ്റന്റ് | കുമാരി അലീന പോൾ | |
| സാക്ഷരത പ്രേരക് | ശ്രീമതി ഖദീജ മുഹമ്മദ് | |
| അക്രഡിറ്റഡ് എഞ്ചിനീയർ | ശ്രീ. ടെൽവിൻ തോമസ് | |
| ഓവർസിയർ | ശ്രീ. അബിൽ എസ്. | |
| എ.ഐ.റ്റി.എ. | ശ്രീമതി രശ്മി ദാസ് | |
| | ശ്രീമതി പ്രശോഭ എ.കെ. | |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| | |
|---|---|
| സെക്രട്ടറി | ശ്രീമതി ശ്രീലത ജി. |
| അസി. സെക്രട്ടറി | ശ്രീ. സുരേഷ് എം.എൻ. |
| കൃഷി ആഫീസർ | ശ്രീ. സണ്ണി കെ.എസ്. |
| വെറ്ററിനറി സർജൻ | ഡോ. സുമീറ ഇബ്രാഹിം |
| മെഡിക്കൽ ആഫീസർ (FHC) | ഡോ. ജയലക്ഷ്മി ഒ. |
| മെഡിക്കൽ ആഫീസർ (ആയുർവ്വേദം) | ഡോ. ജോർലിൻ ജോസ് |
| മെഡിക്കൽ ആഫീസർ (ഹോമിയോ) | ഡോ. ഷിജു തോമസ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി സുമിയ സി.വൈ. |
| വി.ഇ.ഒ. | ശ്രീമതി ഫൗസിയ ഷെരീഫ് |
| വി.ഇ.ഒ. | ശ്രീ. അമിത് ജെ. പ്രകാശ് |
| ICDS സൂപ്പർവൈസർ | ശ്രീമതി ഹനിസ നൗഷാദ് |
| HM, GLPS, Kadavoor | ശ്രീമതി ബിനി പോൾ |
| ഡയറി എക്സ്റ്റൻഷൻ ആഫീസർ | ശ്രീ. സുജിത്ത് പി. രാഘവൻ |

# പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

## പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് |
| രൂപീകൃതമായ വർഷം | : | 1956 |
| വിസ്തീർണ്ണം | : | 28.5 ച.കി.മീറ്റർ |
| വാർഡുകൾ | : | 14 |
| ഉൾപ്പെടുന്ന വില്ലേജ് | : | കടവൂർ |
| ഉൾപ്പെടുന്ന ബ്ലോക്ക് | : | കോതമംഗലം |
| ഉൾപ്പെടുന്ന താലൂക്ക് | : | കോതമംഗലം |
| ഉൾപ്പെടുന്ന ജില്ല | : | എറണാകുളം |
| ഉൾപ്പെടുന്ന അസംബ്ലി മണ്ഡലം | : | മൂവാറ്റുപുഴ |
| ഉൾപ്പെടുന്ന ലോക്സഭ മണ്ഡലം | : | ഇടുക്കി |
| ജനസംഖ്യ | : | 21605 |
| പുരുഷന്മാർ | : | 11104 |
| സ്ത്രീകൾ | : | 10501 |
| സാക്ഷരത | : | 98% |
| അതിരുകൾ : വടക്ക് | : | പരീക്കണ്ണി പുഴ |
| തെക്ക് | : | കാളിയാർ പുഴ |
| കിഴക്ക് | : | വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : | പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് |
| ലോക്സഭാ പ്രതിനിധി | : | **അഡ്വ. ഡീൻ കുര്യാക്കോസ് എം. പി.** |
| നിയമസഭാ പ്രതിനിധി | : | **അഡ്വ. മാത്യു കുഴൽനാടൻ** |

**ജില്ലാ പഞ്ചായത്ത് ഡിവിഷനും പ്രതിനിധിയും**

പോത്താനിക്കാട് : ശ്രീ. ജോമി തെക്കേക്കര

**ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനും പ്രതിനിധികളും**

പൈങ്ങോട്ടൂർ : ശ്രീ. സിജോ ജോൺ

പോത്താനിക്കാട് : ശ്രീ. ജേക്കബ് വർഗ്ഗീസ്

## അദ്ധ്യായം 1

# വികസന സ്ഥിതി വിശേഷം

അന്താരാഷ്ട്ര സ്ഥാപനങ്ങളുടേയും ലോകരാഷ്ട്രങ്ങളുടെയും ശ്രദ്ധ പിടിച്ചുപറ്റിയ വികസനത്തിന്റെ കേരള മാതൃക (ജനകീയാസൂത്രണം) കുറവുകൾ പരിഹരിച്ച് കൂടുതൽ സുതാര്യവും ജനകീയവുമാക്കി മാറ്റുന്നതിനുള്ള കാൽവയ്പായ പതിമൂന്നാം പഞ്ചവത്സര പദ്ധതി ഒരു പരിഷ്കരണ പദ്ധതി എന്ന നിലയിൽ ശ്രദ്ധ പിടിച്ചുപറ്റുന്നു. മഹാത്മജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് ഇന്ത്യൻ ജനതയുടെ സാമൂഹ്യസാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് വികേന്ദ്രീകൃതവും ജനപങ്കാളിത്തത്തോടു കൂടിയതുമായ വികസനാസൂത്രണവും നിർവ്വഹണവുമാണ് ജനകീയാസൂത്രണത്തിന്റെ കാതൽ.

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ 12-ാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന്റെയും നിർവ്വഹണത്തിന്റെയും അനുഭവങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നേട്ടങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ദൗർബല്യങ്ങളും പോരായ്മകളും തിരുത്തി സ്ഥായിയായ നേട്ടങ്ങൾ ഉറപ്പാക്കുന്നതിനുമാവശ്യമായ ദീർഘകാല വികസന കാഴ്ചപ്പാടോടുകൂടിയ പദ്ധതികൾ രൂപകല്പന ചെയ്യുന്നതോടൊപ്പം പൈങ്ങോട്ടൂർ പഞ്ചായത്തിന്റെ പൊതു സാമ്പത്തിക സാമൂഹിക വികസനം ഉറപ്പാക്കുന്നതിനുവേണ്ടി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും കഴിയുന്ന പദ്ധതികളെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുമായി ബന്ധിപ്പിച്ച് പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾക്ക് രൂപം നൽകുക എന്നതാണ് 13-ാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം.

ജനങ്ങൾ ഇടകലർന്നു ജീവിക്കുന്ന ഒരു സമ്മിശ്ര സാമൂഹികാന്തരീക്ഷമാണ് പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിനുള്ളത്. ചെറുകിട നാമമാത്രകർഷകർ ഏറെയുണ്ട്. കാർഷികമേഖലയിൽ ഊന്നിയുള്ള ഒരു വികസന സാദ്ധ്യതയ്ക്ക് പറ്റിയ ഭൂപ്രകൃതിയാണ് ഇവിടെയുള്ളത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളാണ് ഭൂരിഭാഗവും. അവരുടെ ഉന്നമനത്തിനുകൂടി ഇണങ്ങുംവിധം വ്യവസായവൽക്കണത്തിനും കാർഷിക മേഖലയ്ക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു വികസന നയമാണ് നമ്മൾ കൈക്കൊള്ളുന്നത്. അതുകൊണ്ടുതന്നെ ചുരുങ്ങിയ കാലത്തിനുള്ളിൽ അതിന്റെ നേട്ടങ്ങൾ ഉണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്.

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ കിഴക്കൻമേഖലയിൽ പ്രകൃതി നൽകിയ കുന്നുകളും താഴ്‌വരകളും നിറഞ്ഞ ഭൂപ്രകൃതിയാണ് നമുക്കുള്ളത്. വീട് വയ്ക്കുന്നതിനുപോലും സ്ഥലം നിരപ്പാക്കേണ്ട സ്ഥിതിവിശേഷമാണ് ഇവിടെയുള്ളത്. ഇവയ്ക്കെല്ലാം പുറമെ പ്രകൃതിക്ഷോഭംമൂലം ഏൽപ്പിക്കുന്ന ആഘാതങ്ങൾ വേറെയും. ഈ വികസന സ്ഥിതിവിശേഷത്തിൽ നിന്നുകൊണ്ടാണ് ഉല്പാദനമേഖലയിൽ മൂന്നും സേവനമേഖലയിൽ എട്ടും പശ്ചാത്തലമേഖലയിൽ ഒന്നും പ്രവർത്തനഗ്രൂപ്പുകൾ ചേർന്ന് അതാതുമേഖലയിലെ പ്രശ്നങ്ങളും അവയുടെ പരിഹാരസാദ്ധ്യതകളേയും കണ്ടെത്തി പരിഹരിക്കുവാൻ ശ്രമിച്ചിട്ടുള്ളത്.

അദ്ധ്യായം 2

# വാർഷിക പദ്ധതി അവലോകനം

പതിനാലാംപഞ്ചവത്സര പദ്ധതി

2025-26 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പ് : കൃഷി

| ക്രമ നം | പ്രോജ. നം | പ്രോജക്ടിന്റെ പേര് | SO/new | Gen/scp/tsp | പ്രോജക്ടിന്റെ അവസ്ഥ | ലക്ഷ്യം | | നേട്ടം | | പ്രതീക്ഷിച്ച പ്രയോജനം | കൈവരിച്ച യഥാർത്ഥ പ്രയോജനം |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | സാമ്പത്തികം | ഭൗതികം | സാമ്പത്തികം | ഭൗതികം | | |
| 1 | 33 | നെല്ല് കൃഷി വികസനം | New | ജനറൽ | ഇടതുന്ന | 1176376 | നെൽകൃഷി പ്രോത്സാഹനം | 217524 | നെൽകൃഷി പ്രോത്സാഹനം | നെൽകൃഷി പ്രോത്സാഹനം | |
| 2 | 165 | തെങ്ങ് കൃഷി വികസനം | SO | ജനറൽ | ഇടതുന്ന | 311732 | തെങ്ങ് കൃഷി പ്രോത്സാഹനം | 211732 | തെങ്ങ് കൃഷി പ്രോത്സാഹനം | തെങ്ങ് കൃഷി പ്രോത്സാഹനം | |
| 3 | 213 | കൃഷിഭവനിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ ഇൻവെർട്ടർ എന്നിവ വാങ്ങൽ | New | ജനറൽ | പൂർത്തിയായി | 100000 | കമ്പ്യൂട്ടർ വൽക്കരണം | 100000 | കമ്പ്യൂട്ടർ വൽക്കരണം | കമ്പ്യൂട്ടർ വൽക്കരണം | കമ്പ്യൂട്ടർ വൽക്കരണം |
| 4 | 231 | കൃഷി ഓഫീസിലേക്ക് പ്രോജക്ടർ മൈക്ക് സെറ്റ് എന്നിവ വാങ്ങൽ | New | ജനറൽ | ഇടതുന്ന | 80000 | അടിസ്ഥാന സൗകര്യ വികസനം | 0 | | അടിസ്ഥാന സൗകര്യ വികസനം | |

| പതിനാലാം പഞ്ചവത്സര പദ്ധതി | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 2025-26 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ | | | | | | | | | | | | |
| പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | | | | | | | | | | | | |
| വർക്കിംഗ് ഗ്രൂപ്പ് : മൃഗ സംരക്ഷണവും ക്ഷീര വികസനവും | | | | | | | | | | | | |
| ക്രമ നം | പ്രോജ. നം | പ്രോജക്ടിൻറെ പേര് | so/new | Gen/scp/t | പ്രോജക്ടിൻറെ അവസ്ഥ | ലക്ഷ്യം | | നേട്ടം | | പ്രതീക്ഷിച്ച പ്രയോജനം | കൈവരിച്ച യഥാർത്ഥ പ്രയോജനം | |
| | | | | | | സാമ്പത്തികം | ഭൗതികം | സാമ്പത്തികം | ഭൗതികം | | | |
| 1 | 19 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം | New | ജനറൽ | തുടരുന്നു | 1169820 | മൃഗസംരക്ഷണം | 389940 | മൃഗസംരക്ഷണം | മൃഗസംരക്ഷണം | | |
| 2 | 20 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | New | ജനറൽ | തുടരുന്നു | 650000 | മൃഗസംരക്ഷണം | 325000 | മൃഗസംരക്ഷണം | മൃഗസംരക്ഷണം | | |
| 3 | 21 | പേവിഷ ബാധ നിയന്ത്രണം | New | ജനറൽ | പൂർത്തിയായി | 20000 | മൃഗസംരക്ഷണം | 0 | | മൃഗസംരക്ഷണം | മൃഗസംരക്ഷണം | |
| 4 | 36 | കന്നുകുട്ടി വിതരണ പദ്ധതി | New | ജനറൽ | തുടരുന്നു | 936000 | മൃഗസംരക്ഷണം | 348000 | | മൃഗസംരക്ഷണം | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 5 | 185 | അടുക്കള മുറ്റത്തെ മുട്ടക്കോഴി വളർത്തൽ ജനറൽ | New | ജനറൽ | പൂർത്തിയായി | 422500 | കോഴി വളർത്തൽ | 422500 | | മുട്ട ഉൽപാദന വർദ്ധനവ് | മുട്ട ഉൽപാദന വർദ്ധനവ് |
| 6 | 186 | അടുക്കള മുറ്റത്തെ മുട്ടക്കോഴി വളർത്തൽ പട്ടികജാതി | New | എസ്സ്.സ്സി.പി | പൂർത്തിയായി | 128600 | കോഴി വളർത്തൽ | 120900 | | മുട്ട ഉൽപാദന വർദ്ധനവ് | മുട്ട ഉൽപാദന വർദ്ധനവ് |
| 7 | 216 | മൃഗാശുപത്രിയിലേക്ക് ലാപ്ടോപ് പ്രിൻറർ ഇൻവെർട്ടർ എന്നിവ വാങ്ങൽ | New | ജനറൽ | തുടരുന്നു | 100000 | അടിസ്ഥാന സൌകര്യ വികസനം | 0 | | അടിസ്ഥാന സൌകര്യ വികസനം | |

| പതിന്നാലാംപഞ്ചവത്സര പദ്ധതി | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2025-26 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ | | | | | | | | | | | |
| പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | | | | | | | | | | | |
| വർക്കിംഗ് ഗ്രൂപ്പ് : പ്രാദേശിക സാമ്പത്തിക വികസനം | | | | | | | | | | | |
| | | | | | പ്രോജക്ടിന്റെ അവസ്ഥ | ലക്ഷ്യം | | നേട്ടം | | പ്രതീക്ഷിച്ച പ്രയോജനം | കൈവരിച്ച യഥാർത്ഥ പ്രയോജനം |
| ക്രമ നം | പ്രോജ. നം | പ്രോജക്ടിന്റെ പേര് | so/new | Gen/sc p/tsp | | സാമ്പത്തികം | ഭൗതികം | സാമ്പത്തികം | ഭൗതികം | | |
| 1 | 12 | വനിത സംരംഭകർക്ക് പലിശ സബ്സിഡി | New | ജനറൽ | തുടരുന്നു | 480080 | കളുടെ ഉന്നമനം | 0 | | വനിതകളുടെ ഉന്നമനം | |
| 2 | 13 | വനിത സംരംഭകർക്ക് പലിശ സബ്സിഡി എസ് സി | New | എസ്സ്. സ്സിപി | തുടരുന്നു | 150000 | വനിതകളുടെ ഉന്നമനം | 0 | | വനിതകളുടെ ഉന്നമനം | |
| 3 | 14 | കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന സംവിധാനത്തിന് ധനസഹായം | New | ജനറൽ | തുടരുന്നു | 200000 | വനിതകളുടെ ഉന്നമനം | 0 | | വനിതകളുടെ ഉന്നമനം | |

## പതിന്നാലാംപഞ്ചവത്സര പദ്ധതി

### 2025-26 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പ് : ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പടെ )

| ക്രമ നം | പ്രോജ. നം | പ്രോജക്ടിൻറെ പേര് | so/new | Gen/scp/tsp | പ്രോജക്ടിൻറെ അവസ്ഥ | ലക്ഷ്യം സാമ്പത്തികം | ലക്ഷ്യം ഭൗതികം | നേട്ടം സാമ്പത്തികം | നേട്ടം ഭൗതികം | പ്രതീക്ഷിച്ച പ്രയോജനം | കൈവരിച്ച യഥാർത്ഥ പ്രയോജനം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 32 | അതിദാരിദ്ര നിർമ്മാർജ്ജന പദ്ധതി-ഭക്ഷണം നൽകൽ | New | ജനറൽ | തുടരുന്ന | 200000 | ദാരിദ്ര്യ നിർമ്മാർജ്ജനം | 181886 | | ദാരിദ്ര്യ നിർമ്മാർജ്ജനം | |
| 2 | 36 | അഗതിരഹിത കേരളം | New | ജനറൽ | തുടരുന്ന | 78300 | ദാരിദ്ര്യ നിർമ്മാർജ്ജനം | 78297 | | ദാരിദ്ര്യ നിർമ്മാർജ്ജനം | |
| 3 | 2 | അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - ഭക്ഷണം നൽകൽ | New | ജനറൽ | തുടരുന്ന | 200000 | ദാരിദ്ര്യ നിർമ്മാർജ്ജനം | 181886 | | ദാരിദ്ര്യ നിർമ്മാർജ്ജനം | |
| 4 | 7 | ലൈഫ് ഭവന നിർമാണം 2025-26 ജനറൽ | New | ജനറൽ | തുടരുന്ന | 20000000 | ദാരിദ്ര്യ നിർമ്മാർജ്ജനം | 2370000 | | ദാരിദ്ര്യ നിർമ്മാർജ്ജനം | |
| 5 | 8 | ലൈഫ് ഭവന നിർമാണം 2025-26 എസ് സി | New | എസ്സ്. സ്സി.പി | തുടരുന്ന | 10000000 | ദാരിദ്ര്യ നിർമ്മാർജ്ജനം | 489311 | | ദാരിദ്ര്യ നിർമ്മാർജ്ജനം | |
| 6 | 9 | അതി ദാരിദ്ര്യ ഭവന പുനരുദ്ധാരണം | New | ജനറൽ | തുടരുന്ന | 500000 | ദാരിദ്ര്യ നിർമ്മാർജ്ജനം | 350000 | | ദാരിദ്ര്യ നിർമ്മാർജ്ജനം | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 7 | 10 | പി.എം.എ.വൈ.ജി ഭവന പദ്ധതി വിഹിതം നൽകൽ ജനറൽ | New | ജനറൽ | തുടരുന്നു | 700000 | ദാരിദ്ര്യ നിർമ്മാർജ്ജനം | 700000 | | ദാരിദ്ര്യ നിർമ്മാർജ്ജനം | |
| 8 | 11 | പി.എം.എ.വൈ.ജി ഭവന പദ്ധതി വിഹിതം നൽകൽ എസ് സി | New | എസ്.സി.പി | തുടരുന്നു | 135000 | ദാരിദ്ര്യ നിർമ്മാർജ്ജനം | 90000 | | ദാരിദ്ര്യ നിർമ്മാർജ്ജനം | |
| 9 | 164 | ലൈഫ് ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ ജനറൽ | SO | ജനറൽ | തുടരുന്നു | 1000000 | ദാരിദ്ര്യ നിർമ്മാർജ്ജനം | 0 | | ദാരിദ്ര്യ നിർമ്മാർജ്ജനം | |
| 10 | 181 | ഭവന പുനരുദ്ധാരണം പട്ടികജാതി | New | എസ്.സി.പി | തുടരുന്നു | 900000 | ദാരിദ്ര്യ നിർമ്മാർജ്ജനം | 747074 | | ദാരിദ്ര്യ നിർമ്മാർജ്ജനം | |
| 11 | 187 | ഗാർഹിക ടോയ്‌ലറ്റ് നിർമാണം | SO | ജനറൽ | തുടരുന്നു | 881200 | ദാരിദ്ര്യ നിർമ്മാർജ്ജനം | 0 | | ദാരിദ്ര്യ നിർമ്മാർജ്ജനം | |
| 12 | 188 | ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ് ലറ്റ് ന് അധിക ധനസഹായം | SO | ജനറൽ | തുടരുന്നു | 788800 | ദാരിദ്ര്യ നിർമ്മാർജ്ജനം | 17000 | | ദാരിദ്ര്യ നിർമ്മാർജ്ജനം | |
| 13 | 203 | ടോയ്‌ലറ്റ് മെയിൻറനൻസിന് അധിക ധനസഹായം നൽകൽ | SO | ജനറൽ | തുടരുന്നു | 21250 | ദാരിദ്ര്യ നിർമ്മാർജ്ജനം | 0 | | ദാരിദ്ര്യ നിർമ്മാർജ്ജനം | |
| 14 | 212 | അതി ദരിദ്രർക്ക് ഭവന പുനരുദ്ധാരണം എസ് സി | New | എസ്.സി.പി | തുടരുന്നു | 100000 | ദാരിദ്ര്യ നിർമ്മാർജ്ജനം | 50000 | | ദാരിദ്ര്യ നിർമ്മാർജ്ജനം | |

| പതിന്നാലാംപഞ്ചവത്സര പദ്ധതി | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2025-26 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ | | | | | | | | | | | |
| പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | | | | | | | | | | | |
| വർക്കിംഗ് ഗ്രൂപ്പ് : സാമൂഹ്യനീതി | | | | | | | | | | | |
| | | | | | പ്രോജക്റ്റിന്റെ | ലക്ഷ്യം | | നേട്ടം | | പ്രതീക്ഷിച്ച | കൈവരിച്ച യഥാർത്ഥ |
| ക്രമ നം | പ്രോജ. നം | പ്രോജക്റ്റിന്റെ പേര് | so/new | en/scp/t: | അവസ്ഥ | സാമ്പത്തികം | ഭൗതികം | സാമ്പത്തികം | ഭൗതികം | പ്രയോജനം | പ്രയോജനം |
| 1 | 53 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകൽ | New | ജനറൽ | ഇടത്തരം | 1217000 | | 730200 | | | |
| 2 | 55 | വയോജനങ്ങൾക്ക് കട്ടിൽ | New | ജനറൽ | ഇടത്തരം | 490000 | | 0 | | | |
| 3 | 210 | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ വാങ്ങൽ | New | ജനറൽ | ഇടത്തരം | 150000 | | 0 | | | |
| 4 | 226 | കോക്ലിയർ ഇംപ്ലാന്റ് ചെയ്യുവരുടെ ഉപകരണങ്ങളുടെ റിപ്പയറിംഗ് തുക | New | ജനറൽ | ഇടത്തരം | 50000 | | 0 | | | |
| 5 | 65 | പല്ലാരിമംഗലം ബഡ്സ് സ്കൂളിന് വിഹിതം നൽകൽ | New | ജനറൽ | ഇടത്തരം | 100000 | | 0 | | | |

## പതിന്നാലാംപഞ്ചവത്സര പദ്ധതി

## 2025-26 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

### വർക്കിംഗ് ഗ്രൂപ്പ് : വനിത വികസനം

| ക്രമ നം | പ്രോജ. നം | പ്രോജക്ടിൻറെ പേര് | so/new | Gen/scp/tsp | പ്രോജക്ടിൻറെ അവസ്ഥ | ലക്ഷ്യം സാമ്പത്തികം | ലക്ഷ്യം ഭൌതികം | നേട്ടം സാമ്പത്തികം | നേട്ടം ഭൌതികം | പ്രതീക്ഷിച്ച പ്രയോജനം | കൈവരിച്ച യഥാർത്ഥ പ്രയോജനം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 12 | വനിത സംരംഭകർക്ക് പലിശ സബ്സിഡി | New | ജനറൽ | തുടരുന്നു | 480080 | വനിത വികസനം | 0 | വനിത വികസനം | വനിത വികസനം | |
| 2 | 13 | വനിത സംരംഭകർക്ക് പലിശ സബ്സിഡി എസ് സി | New | എസ്സ്. സ്സി.പി | തുടരുന്നു | 150000 | വനിത വികസനം | 0 | വനിത വികസനം | വനിത വികസനം | |
| 3 | 14 | കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന സംവിധാനത്തിന് ധനസഹായം | New | ജനറൽ | തുടരുന്നു | 200000 | വനിത വികസനം | 0 | വനിത വികസനം | വനിത വികസനം | |
| 4 | 191 | കുടുംബശ്രീ വിപണന കേന്ദ്രം നിർമ്മാണം | New | ജനറൽ | തുടരുന്നു | 650000 | വനിത വികസനം | 0 | വനിത വികസനം | വനിത വികസനം | |

# പതിനാലാം പഞ്ചവത്സര പദ്ധതി

## 2025-26 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

### വർക്കിംഗ് ഗ്രൂപ്പ് : ആരോഗ്യം

| ക്രമ നം | പ്രോജ. നം | പ്രോജക്ടിന്റെ പേര് | so/new | Gen/scp/tsp | പ്രോജക്ടിന്റെ അവസ്ഥ | ലക്ഷ്യം സാമ്പത്തികം | ലക്ഷ്യം ഭൗതികം | നേട്ടം സാമ്പത്തികം | നേട്ടം ഭൗതികം | പ്രതീക്ഷിച്ച പ്രയോജനം | കൈവരിച്ച യഥാർത്ഥ പ്രയോജനം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 25 | ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകൽ | New | ജനറൽ | തുടരുന്ന | 203600 | ആരോഗ്യസംരക്ഷണം | 156800 | | പൊതുജനാരോഗ്യം | |
| 2 | 26 | പാലിയേറ്റീവ് പരിചരണം | New | ജനറൽ | തുടരുന്ന | 700000 | ആരോഗ്യസംരക്ഷണം | 548346 | | പൊതുജനാരോഗ്യം | |
| 3 | 27 | കടവൂർ എഫ് എച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ | New | ജനറൽ | തുടരുന്ന | 525000 | ആരോഗ്യസംരക്ഷണം | 365569 | | പൊതുജനാരോഗ്യം | |
| 4 | 28 | അതി ദരിദ്രർ - മൈക്രോ പ്ലാൻ - മരുന്ന് വാങ്ങൽ | New | ജനറൽ | തുടരുന്ന | 15000 | ആരോഗ്യസംരക്ഷണം | 9024 | | പൊതുജനാരോഗ്യം | |
| 5 | 29 | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ | New | ജനറൽ | തുടരുന്ന | 30000 | ആരോഗ്യസംരക്ഷണം | 16495 | | പൊതുജനാരോഗ്യം | |
| 6 | 30 | കടവൂർ എഫ് എച്ച് സിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | New | ജനറൽ | പൂർത്തിയായി | 11730 | ആരോഗ്യസംരക്ഷണം | 11730 | | പൊതുജനാരോഗ്യം | |
| 7 | 32 | കടവൂർ എഫ് എച്ച് സിയിലെ കണ്ടിജൻസി ചെലവ് | New | ജനറൽ | തുടരുന്ന | 250000 | ആരോഗ്യസംരക്ഷണം | 224500 | | പൊതുജനാരോഗ്യം | |
| 8 | 166 | പാലിയേറ്റീവ് പരിചരണം | SO | ജനറൽ | തുടരുന്ന | 70385 | ആരോഗ്യസംരക്ഷണം | 70385 | | പൊതുജനാരോഗ്യം | |
| 9 | 183 | ജില്ലാ ക്യാൻസർ നിയന്ത്രണ പദ്ധതി | New | ജനറൽ | തുടരുന്ന | 40000 | ആരോഗ്യസംരക്ഷണം | 0 | | പൊതുജനാരോഗ്യം | |
| 10 | 184 | കടവൂർ എഫ്എച്ച്സി യിലെ ഫാർമസിസ്റ്റിന് വേതനം നൽകൽ | New | ജനറൽ | തുടരുന്ന | 247160 | ആരോഗ്യസംരക്ഷണം | 219260 | | പൊതുജനാരോഗ്യം | |
| 11 | 206 | കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ | SO | ജനറൽ | തുടരുന്ന | 266500 | ആരോഗ്യസംരക്ഷണം | 266500 | | പൊതുജനാരോഗ്യം | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 12 | 207 | കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 50 | ജനറൽ | തുടരുന്നു | 481230 | ആരോഗ്യസംരക്ഷണം | 458293 | | പൊതുജനാരോഗ്യം | |
| 13 | 211 | കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ - രണ്ടാം ഗഡു | New | ജനറൽ | തുടരുന്നു | 209000 | ആരോഗ്യസംരക്ഷണം | 1981 | | പൊതുജനാരോഗ്യം | |
| 14 | 229 | കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | New | ജനറൽ | തുടരുന്നു | 185000 | ആരോഗ്യസംരക്ഷണം | 0 | | പൊതുജനാരോഗ്യം | |
| 15 | 230 | കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപ കേന്ദ്രത്തിലും ഹെൽത്ത് ആൻഡ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | New | ജനറൽ | തുടരുന്നു | 146000 | ആരോഗ്യസംരക്ഷണം | 0 | | പൊതുജനാരോഗ്യം | |
| 16 | 108 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | New | ജനറൽ | പൂർത്തിയായി | 500000 | ആരോഗ്യസംരക്ഷണം | 500000 | | പൊതുജനാരോഗ്യം | |
| 17 | 110 | ആയുർവേദ ഡിസ്പെൻസറിയുടെ കണ്ടിജെൻസി ചെലവ് | New | ജനറൽ | തുടരുന്നു | 75000 | ആരോഗ്യസംരക്ഷണം | 50000 | | പൊതുജനാരോഗ്യം | |
| 18 | 112 | ആയുർവേദ ഡിസ്പെൻസറി വയോജനങ്ങൾക്ക് മരുന്ന് വാങ്ങലും ബോധവത്ക്കരണ പ്രവർത്തനങ്ങളും | New | ജനറൽ | പൂർത്തിയായി | 100000 | ആരോഗ്യസംരക്ഷണം | 100000 | | പൊതുജനാരോഗ്യം | |
| 19 | 113 | ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | New | ജനറൽ | പൂർത്തിയായി | 69399 | ആരോഗ്യസംരക്ഷണം | 69399 | | പൊതുജനാരോഗ്യം | |

| പതിന്നാലാംപഞ്ചവത്സര പദ്ധതി | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2025-26 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ | | | | | | | | | | | |
| പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | | | | | | | | | | | |
| വർക്കിംഗ് ഗ്രൂപ്പ് : പൊതുഭരണവും ധനകാര്യവും | | | | | | | | | | | |
| ക്രമ നം | പ്രോജ. നം | പ്രോജക്ടിൻറെ പേര് | so/new | Gen/scp/tsp | പ്രോജക്ടിൻറെ അവസ്ഥ | ലക്ഷ്യം | | നേട്ടം | | പ്രതീക്ഷിച്ച പ്രയോജനം | കൈവരിച്ച യഥാർത്ഥ പ്രയോജനം |
| | | | | | | സാമ്പത്തികം | ഭൗതികം | സാമ്പത്തികം | ഭൗതികം | | |
| 1 | 58 | പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംങ്ങ് | New | ജനറൽ | ഇടതന്ന | 240847 | പദ്ധതി നിർവഹണം | 40016 | | | |
| 2 | 59 | ഐകെഎം ന് വിഹിതം നൽകൽ | New | ജനറൽ | പൂർത്തിയായി | 59413 | സേവനം മെച്ചപ്പെട്ടത്തൽ | 59413 | മെച്ചപ്പെട്ട സേവനം നൽകി | | ഓഫീസ് കമ്പ്യൂട്ടർവൽക്കരണം |
| 3 | 60 | അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഹോണറേറിയം | New | ജനറൽ | ഇടതന്ന | 700800 | സേവനം മെച്ചപ്പെട്ടത്തൽ | 0 | | | |
| 4 | 61 | കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എഎംസി | New | ജനറൽ | ഇടതന്ന | 75000 | സേവനം മെച്ചപ്പെട്ടത്തൽ | 0 | | | |
| 6 | 64 | വരൾച്ചാ ദുരിതാശ്വാസം കുടിവെള്ള വിതരണം | New | ജനറൽ | ഇടതന്ന | 350000 | കുടിവെള്ള വിതരണം | 0 | | | |
| 8 | 224 | വികസന സദസ്സ് | New | ജനറൽ | പൂർത്തിയായി | 108180 | വിലയിരുത്തൽ | 108180 | | | |
| 9 | 233 | എൽ എസ് ജി ഡി ഓഫീസിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ | New | ജനറൽ | ഇടതന്ന | 107344 | അടിസ്ഥാന സൌകര്യം വിലയിരുത്തൽ | 0 | | | |

പതിന്നാലാംപഞ്ചവത്സര പദ്ധതി

2025-26 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പ് : കുടിവെള്ളം, ശുചിത്വം

| ക്രമ നം | പ്രോജ. നം | പ്രോജക്റ്റിന്റെ പേര് | so/new | Gen/sc p/tsp | പ്രോജക്റ്റിന്റെ അവസ്ഥ | ലക്ഷ്യം | നേട്ടം | പ്രതീക്ഷിച്ച പ്രയോജനം | കൈവരിച്ച യഥാർത്ഥ പ്രയോജനം |
|---|---|---|---|---|---|---|---|---|---|
| 1 | 16 | അജൈവ മാലിന്യം എംസിഎഫിൽ നീക്കം ചെയ്യുന്നതിനുള്ള തുക നൽകൽ | New | ജനറൽ | തുടരുന്നു | 502550 | 199133 | പൊതുശുചിത്വം | |
| 2 | 17 | എംസിഎഫ് വാടക നൽകൽ | New | ജനറൽ | തുടരുന്നു | 75000 | 75000 | പൊതുശുചിത്വം | |
| 3 | 18 | വീടുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം എം സി എഫിൽ എത്തിക്കുന്നതിനുള്ള ചെലവുകൾ ഡ്രൈവർ വേതനം ഉൾപ്പെടെ | New | ജനറൽ | തുടരുന്നു | 150000 | 0 | പൊതുശുചിത്വം | |
| 4 | 98 | എഫ് എച്ച് സി യിലെയും വാർഡ് 4 ലെയും പൊതു കിണറുകളുടെ നവീകരണം | New | ജനറൽ | തുടരുന്നു | 415500 | 0 | കുടിവെള്ളം | |
| 5 | 116 | ഗാർഹികതല ജൈവ മാലിന്യ സംസ്കരണ ഉപാധികൾ വിതരണം | New | ജനറൽ | തുടരുന്നു | 400000 | 0 | പൊതുശുചിത്വം | |
| 6 | 117 | ഗാർഹിക തലത്തിൽ മാലിന്യം തരംതിരിച്ച് സൂക്ഷിക്കുന്നതിനുള്ള ഉപാധികള് ലഭ്യമാക്കൽ | New | ജനറൽ | തുടരുന്നു | 450000 | 0 | പൊതുശുചിത്വം | |
| 7 | 118 | തുറസ്സായ കുടിവെള്ള കിണർ ശുചിത്വ കിണർ ആക്കി മാറ്റൽ | New | ജനറൽ | തുടരുന്നു | 520000 | 0 | കുടിവെള്ളം | |
| 8 | 119 | കിണർ റീച്ചാർജിങ് | New | ജനറൽ | തുടരുന്നു | 500000 | 0 | കുടിവെള്ളം | |
| 9 | 120 | ഹരിത കർമ്മസേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ യൂണിഫോം മുതലായവ വാങ്ങി നൽകൽ | New | ജനറൽ | തുടരുന്നു | 57750 | 57720 | പൊതുശുചിത്വം | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 10 | 139 | പൈങ്ങോട്ടൂർ തോട് പുനരുജ്ജീവനം | SO | ജനറൽ | തുടരുന്ന | 400000 | 0 | കുടിവെള്ളം | |
| 11 | 143 | ദ്രവമാലിന്യ സംസ്കരണത്തിനായി ഘടകസ്ഥാപനങ്ങളിൽ സോക്ക് പിറ്റ് നിർമ്മാണം | SO | ജനറൽ | തുടരുന്ന | 100000 | 0 | പൊതുശുചിത്വം | |
| 12 | 155 | മല്ലപ്പള്ളിക്കവല വാർഡ് 9 പൊതുകിണർ നവീകരണം | SO | ജനറൽ | തുടരുന്ന | 140000 | 0 | കുടിവെള്ളം | |
| 13 | 160 | ആയുർവേദ ഡിസ്പെൻസറിയിൽ ടോയ്ലറ്റ് നിർമ്മാണം | SO | ജനറൽ | തുടരുന്ന | 100000 | 0 | പൊതുശുചിത്വം | |
| 14 | 161 | ഹരിതമിത്രം ക്യൂആർ കോഡ് പതിപ്പിക്കൽ | SO | ജനറൽ | തുടരുന്ന | 56685 | 0 | പൊതുശുചിത്വം | |
| 15 | 163 | സാനിട്ടറി പാഡ് ഡിസ്പോയർ സ്ഥാപിക്കൽ | SO | ജനറൽ | തുടരുന്ന | 45000 | 45000 | പൊതുശുചിത്വം | |
| 16 | 172 | അങ്കണവാടികളിൽ കുടിവെള്ള യൂണിറ്റ് സ്ഥാപിക്കൽ | SO | ജനറൽ | തുടരുന്ന | 17100 | 0 | കുടിവെള്ളം | |
| 17 | 174 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ പഞ്ചായത്താഫീസ് ഘടകസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ | SO | ജനറൽ | തുടരുന്ന | 34499 | 0 | കുടിവെള്ളം | |
| 18 | 182 | ഉറവായ കുടിവെള്ള കിണറുകൾ ശുചിത്വ കിണർ ആക്കി മാറ്റൽ | SO | ജനറൽ | തുടരുന്ന | 48000 | 0 | കുടിവെള്ളം | |
| 19 | 187 | ഗാർഹിക ടോയ്ലറ്റ് നിർമാണം | SO | ജനറൽ | തുടരുന്ന | 195200 | 0 | പൊതുശുചിത്വം | |
| 20 | 188 | ലൈഫ് ഗുണഭോക്താക്കൾക്ക് ടോയ് ലറ്റ് ന് അധിക ധനസഹായം | SO | ജനറൽ | തുടരുന്ന | 176200 | 17000 | പൊതുശുചിത്വം | |
| 21 | 189 | ജി – ബിൻ വിതരണം | SO | ജനറൽ | തുടരുന്ന | 0 | 0 | പൊതുശുചിത്വം | |
| 22 | 190 | പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കുന്ന ചവറ്റുകുട്ടകൾ വാങ്ങുക | SO | ജനറൽ | തുടരുന്ന | 100000 | 0 | പൊതുശുചിത്വം | |
| 23 | 195 | എംസിഎഫ് നിർമ്മാണം | SO | ജനറൽ | തുടരുന്ന | 250000 | 0 | കുടിവെള്ളം | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 24 | 196 | ടാങ്കിന്റെ ജലാശയത്തിന്റെ പുനരുജ്ജീവനം പൈങ്ങോട്ടൂർ തോട് കടവൂർ മുറിതോട് നാലാം തോട് എന്നിവിടങ്ങളിൽ ഫെൻസിംഗ് | SO | ജനറൽ | തുടരുന്ന | 300000 | 0 | കുടിവെള്ളം | |
| 25 | 197 | കാളിയാർ പരിതപ്പുഴകളുടെ സൈഡ് കെട്ടലും പുനരുജ്ജീവനവും | SO | ജനറൽ | തുടരുന്ന | 455420 | 382978 | കുടിവെള്ളം | |
| 26 | 199 | ഹോമിയോ ഡിസ്പെൻസറി യിൽ കുടിവെള്ള സൗകര്യം | SO | ജനറൽ | തുടരുന്ന | 200000 | 0 | കുടിവെള്ളം | |
| 27 | 201 | പരിതപ്പുഴ ചെക്ക് ഡാമിന് ഫെൻസിംഗ് | SO | ജനറൽ | തുടരുന്ന | 300000 | 0 | കുടിവെള്ളം | |
| 28 | 202 | അജൈവ മാലിന്യം എം സി എഫിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള തുക നൽകൽ | SO | ജനറൽ | തുടരുന്ന | 78224 | 76280 | പൊതുശുചിത്വം | |
| 29 | 203 | ടോയ്ലറ്റ് മെയിൻറനൻസിന് അധിക ധനസഹായം നൽകൽ | SO | ജനറൽ | തുടരുന്ന | 21250 | 0 | പൊതുശുചിത്വം | |
| | | | | | | | | | |

## അദ്ധ്യായം 3

# പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

| മേഖല | പ്രശ്ന വിശകലനം | പ്രശ്ന പരിഹാര സാധ്യതകകൾ |
|---|---|---|
| കാർഷിക മേഖല | ❖ ഉൽപാദനത്തിലുള്ള കുറവ്<br>❖ കർഷകന് സ്വന്തം ഉൽപന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നില്ല<br>❖ കൃഷിഭൂമി നികത്തി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.<br>❖ തൊഴിലാളികളുടെ ലഭ്യതകുറവ് | ❖ എല്ലാ വിധ വിളകൾക്കും ആനുകൂല്യം നൽകുന്നത് വഴി കൂടുതൽ പേരെ കൃഷിയിലേക്ക് ആകർഷിക്കാം.<br>❖ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണം.<br>❖ ആധുനിക യന്ത്രവൽക്കരണം<br>❖ പൊതുവിപണി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കൽ. |
| മൃഗസംരക്ഷണം | ❖ മരുന്നുകളുടെയും മറ്റ് ആധുനിക സൗകര്യങ്ങളുടെയും അപര്യാപ്തത<br>❖ പച്ചപ്പുല്ലിന്റെ ദൗർലഭ്യം.<br>❖ പാലിന്റെ വിലക്കുറവ്.<br>❖ മരുന്നുകളുടെയും മറ്റ് ആധുനിക സൗകര്യങ്ങളുടെയും അപര്യാപ്തത. | ❖ മൃഗാശുപത്രിയുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പി ക്കുക.<br>❖ മരുന്ന് വാങ്ങുന്നതിന് തുക വകയിരുത്തുക.<br>❖ ഇന്റഗ്രേറ്റഡ് ഫാമിങ്ങിന്റെ സാധ്യത പ്രയോജനപ്പെടുത്തുക.<br>❖ അംഗീകാരമുള്ള മാംസവിൽപ്പന കേന്ദ്രം |
| ദാരിദ്ര്യ ലഘൂകരണം | ❖ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.<br>❖ തൊഴിലില്ലായ്മ.<br>❖ കോവിഡാനന്തര ബുദ്ധിമുട്ടുകൾ. | ❖ ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനും ധനസഹായം നൽകുക.<br>❖ ആശ്രയ / അന്ത്യോദയ പദ്ധതികൾ. |
| പട്ടികജാതി പട്ടിക വർഗ്ഗ വികസനം | ❖ തൊഴിലില്ലായ്മ.<br>❖ പൂർത്തീകരിക്കാത്ത ഭവനങ്ങൾ.<br>❖ ജാതിസർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിനുള്ള താമസം. | ❖ വീട് വാസയോഗ്യമാക്കുന്നതിനും തൊഴിൽ ലഭിക്കുന്നതിനുമുള്ള പദ്ധതികൾക്ക് മുൻഗണന.<br>❖ 100% സബ്സിഡി നിരക്ക് ലഭ്യമാക്കുക. |
| ആരോഗ്യം | ❖ ജീവിത ശൈലി രോഗങ്ങളുടെ വ്യാപനം.<br>❖ വൃദ്ധജനങ്ങളുടെ വാർദ്ധക്യ സഹജ വ്യാധികൾ.<br>❖ കാലാവസ്ഥാവ്യതിയാനം കൊണ്ടുള്ള രോഗങ്ങൾ. | ❖ ബോധവൽകരണ ക്ലാസുകൾ സംഘടിപ്പിക്കുക.<br>❖ ഹോസ്പിറ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക. |
| പൊതുഭരണം | ❖ സ്ഥല പരിമിതിയും അസൗകര്യങ്ങളും മൂലം നൂറ് ശതമാനവും ജന സൗഹൃദ പഞ്ചായത്തായി മാറാൻ സാധിക്കുന്നില്ല.<br>❖ ജോലിഭാരം കൂടുതലും, ജീവനക്കാരുടെ കുറവും | ❖ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ.<br>❖ ഫ്രണ്ട് ഓഫീസ്, ബാക്ക് ഓഫീസുമായി അറ്റാച്ച് ചെയ്യുക<br>❖ ജീവനക്കാരെ നിയമിക്കുക. |

| മേഖല | പ്രശ്ന വിശകലനം | പ്രശ്ന പരിഹാര സാധ്യതകകൾ |
|---|---|---|
| പൊതു മരാമത്ത് | ❖ വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെയും പഞ്ചായത്ത് ആഫീസിന്റെയും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, റോഡുകളുടെ കുറവ് | ❖ പുതിയ റോഡുകൾ നിർമ്മിക്കുന്നതിന് തുക വകയിരുത്തുക, പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന് ലഭ്യമാകുന്ന എല്ലാ ഫണ്ടുകളും സമാഹരിക്കുക. |
| വനിതാ വികസനം | ❖ സ്വയം തൊഴിൽ സംരംഭങ്ങളുടെ അപര്യാപ്തത. | ❖ സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കാനുത കുന്ന വിവിധ പദ്ധതികൾ. ഏറ്റെടുത്ത് ആനുകൂല്യം നൽകി സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക. |
| സാമൂഹ്യ ക്ഷേമം | ❖ വയോജനങ്ങളുടെയും ഭിന്നശേഷി യുള്ളവരുടേയും സംരക്ഷണവും പരിപാലനവും. | ❖ വൃദ്ധ ജനങ്ങൾക്ക് ആശ്വാസം പകരുന്ന പാലിയേറ്റീവ് കെയർ പോലെയുള്ള പദ്ധതികൾ നടപ്പാക്കുക, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് വേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക. |
| കുടിവെള്ളം ശുചിത്വം | ❖ പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങ ളിൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ളം എത്തുന്നില്ല. | ❖ ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ കണ്ടെത്തി വിഛേദിക്കുകയും രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുകയും ചെയ്യുക. കുടിവെള്ള ക്ഷാമത്തിന്റെ ദുരുപയോഗം തടയുന്നതിന് ബോധവത്കരണം നടത്തുക. |
| വിദ്യാഭ്യാസം | ❖ സർക്കാർ ഉടമസ്ഥതയിലുള്ള സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞു വരുന്നു. | ❖ സ്കൂളുകളുടെ അറ്റകുറ്റപണികൾ നടത്തുകയും സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മിച്ച് പഠന നിലവാരം ഉയർത്തുകയും ചെയ്യുക. |
| പ്രാദേശിക സാമ്പത്തിക വികസനം | ❖ ചെറുകിട വ്യവസായ ഉൽപന്ന ങ്ങൾ വിറ്റഴിക്കാൻ ആവശ്യമായ വിപണനസാധ്യതകളുടെ കുറവ്<br>❖ ചെറുകിട വ്യവസായ പാർക്കുക ളുടെ അഭാവം<br>❖ തൊഴിൽ സംരംഭകരുടെ അഭാവം | ❖ വിപണന സാധ്യതകൾ കണ്ടെത്തി നൽകുക<br>❖ വ്യവസായമേളകൾ സംഘടിപ്പിക്കുക<br>❖ വ്യവസായ വകുപ്പിന്റേയും വിവിധ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പദ്ധതിവിഹിതത്തിൽ പരിശീലനം നൽകുക<br>❖ യുവാക്കളിൽ സംരംഭകത്വശേഷി വർദ്ധിപ്പിച്ച് തൊഴിൽ മേഖലയിൽ കുടിയിരുത്തുക |
| ദുരന്തനിവാരണം | ❖ പരിതപ്പുഴ, കാളിയാർ പുഴയിലെ വെള്ളപ്പൊക്കങ്ങൾ<br>❖ മണ്ണിടിച്ചിൽ<br>❖ മനുഷ്യനും വന്യമൃഗങ്ങളും തമ്മി ലുള്ള സംഘർഷം | ❖ പുനരധിവാസ സൗകര്യങ്ങൾ ഒരുക്കൽ<br>❖ അനധികൃത നിർമ്മാണങ്ങൾ തടയൽ<br>❖ ആവാസ വ്യവസ്ഥ പുനസൃഷ്ടിക്കൽ |

### അദ്ധ്യായം 4

# വികസനകാഴ്ചപ്പാട് ലക്ഷ്യങ്ങൾ, തന്ത്രം

## 1. ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം

### വികസനകാഴ്ചപ്പാട്, തന്ത്രം, നയസമീപനം

1 പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ ജൈവസമ്പത്ത് നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി ജൈവ മാപ്പിംഗ് നടത്തുക.

2 നീർച്ചാലുകളുടെ നീരൊഴുക്ക് സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുക.

3 കുളങ്ങളുടെ പുനരുദ്ധാരണം നടത്തുക

4. തരിശുഭൂമിയിൽ കൃഷിയിറക്കുക

5. കാർഷിക വിളകൾ സംരക്ഷിക്കുന്നതിന് വിള ഇൻഷുറൻസ് പഞ്ചായത്ത് വിഹിതം അടയ്ക്കാവുന്ന രീതിയിൽ ക്രമപ്പെടുത്തുക. (മാർഗ്ഗരേഖയിൽ മാറ്റം ആവശ്യമുണ്ടെങ്കിൽ ആയതിന് നടപടി സ്വീകരിക്കുക)

6. തന്നാണ്ട് കൃഷി പ്രോത്സാഹനത്തിന് നടപടി സ്വീകരിക്കുക

7. പൊതുസ്ഥലങ്ങളിൽ കളകൾ നശിപ്പിക്കുന്നതിന് ജൈവകീടനാശിനി മാത്രം ഉപയോഗിക്കുക.

8. പൊതുവഴിയോരങ്ങൾ വൃത്തിയാക്കി ഉദ്യാനങ്ങൾ നിർമ്മിക്കുക

9. ചെങ്കുത്തായ പ്രദേശങ്ങളിൽ കയ്യാല നിർമ്മാണം, നീർക്കുഴി നിർമ്മാണം നിയന്ത്രിക്കൽ

10. പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ മാലിന്യനിക്ഷേപം സംബന്ധിച്ച് തെളിവുസഹിതം ഹാജരാക്കുന്നവർക്ക് 1000 രൂപ പാരിതോഷികം നൽകുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കുക.

11. പുഴയോരം കയ്യേറ്റം ഒഴിവാക്കി സംരക്ഷിക്കാൻ (കണ്ടൽ ഉപയോഗിച്ച്)

12. സ്ഥിരമായി പ്രളയം ഉണ്ടാവുന്നതിൽ ദുരന്തനിവാരണത്തിന് സ്ഥിരമായ പുനരധിവാസ ഷെൽട്ടർ സെന്റർ സ്ഥാപിക്കുക.

13. മോണിട്ടറിംഗ് സംവിധാനത്തിനുവേണ്ടി ആരോഗ്യം, നിയമം, കൃഷി എന്നീ വകുപ്പുകളിൽ നിന്നും പ്രതിനിധികളെ നിശ്ചയിക്കുക.

14. വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുക.

## 2. കൃഷിയും അനുബന്ധമേഖലകളും

### മേഖലയുടെ ഇന്നത്തെ അവസ്ഥ

ഹരിതാഭമായ പൈങ്ങോട്ടൂർ പഞ്ചായത്തിൽ എല്ലാത്തരം കാർഷിക വിളകളും ഉൽപ്പാദിപ്പിക്കപ്പെടുന്നു. കാർഷിക ഗ്രാമമായ ഈ പഞ്ചായത്തിൽ നെല്ല്, തെങ്ങ്, വാഴ, റബ്ബർ, പൈനാപ്പിൾ, കൊക്കോ, ജാതി, കവുങ്ങ്, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി എന്നിവ കൃഷി ചെയ്യപ്പെടുന്നു. വ്യാവസായികാടിസ്ഥാനത്തിലുള്ള പച്ചക്കറികൃഷി ഈ പഞ്ചായത്തിലെ പ്രത്യേകതകളിലൊന്നാണ്.

എങ്കിലും കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, ഉല്പാദനോപാധികളുടെ വിലക്കയറ്റം, കർഷകത്തൊഴിലാളികളുടെ അവശ്യസമയത്തുള്ള ലഭ്യതക്കുറവ്, ഉൽപ്പന്നങ്ങളുടെ വിലത്തകർച്ച, അപര്യാപ്തമായ പൊതു വിതരണ സംവിധാനങ്ങൾ എന്നിവ കാർഷിക മേഖലയെ പ്രതിസന്ധിഘട്ടത്തിലാക്കുന്നു.

ഏകദേശം 250 ഹെക്ടറോളം നെൽകൃഷി രണ്ടു പൂവിലും ചെയ്തിരുന്ന കടവൂർ വില്ലേജിൽ ഒന്നാം വിള വെറും 15 ഹെക്ടറും രണ്ടാംവിള 45 ഹെക്ടറുമായി ചുരുങ്ങിയിരിക്കുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളത്.. തൊഴിലാളികളുടെ ക്ഷാമവും വളത്തിന്റെ വിലവർദ്ധനവും നെല്ലിന്റെ വിലത്തകർച്ചയുമാണ് കർഷകരെ നെൽകൃഷിയിൽ നിന്ന് അകറ്റി നിർത്തുന്നത്. ഈ പ്രതിസന്ധികൾക്കിടയിലും 20 ഹെക്ടർ നെൽകൃഷി കഴിഞ്ഞ വർഷം നമുക്ക് വർദ്ധിപ്പിക്കാനായിട്ടുണ്ട്.

മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിപ്രകാരം കനാലുകൾ ചില സ്ഥലങ്ങളിൽ ജലക്ഷാമം പരിഹരിക്കുവാൻ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. പഞ്ചായത്തിലെ കൃഷിക്കനുയോജ്യമായ പല പാടശേഖരങ്ങളിലും കൃഷിപ്പണിക്കും വിളവെടുപ്പിനും തൊഴിലാളികളെ ലഭിക്കാത്തതുകൊണ്ടും ഉൽപ്പാദനോപാധികളായ വളം, കീടനാശിനി എന്നിവയുടെ വിലവർദ്ധനവുകൊണ്ടും തുലോം തുച്ഛമായിക്കൊണ്ടിരിക്കുകയാണ്. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിപ്രകാരം നെൽകൃഷി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് കഴിഞ്ഞാൽ മാത്രമേ കർഷകർക്ക് ഉപയുക്തമാവുകയുള്ളൂ. വിരിപ്പ്, മുണ്ടകൻ എന്നീ രണ്ടു കൃഷികൾ ചെയ്യുന്ന വയലുകളിൽ ഉൽപ്പാദനച്ചിലവ് വർദ്ധിച്ചതിനാൽ മുണ്ടകൻ കൃഷി മാത്രമേ ഭൂരിഭാഗം കർഷകരും ചെയ്യുന്നുള്ളൂ. നെൽകൃഷിയുടെ വിസ്തീർണ്ണം കുറയ്ക്കാതെ നെൽവയലുകളും തണ്ണീർത്തടങ്ങളും നിലനിർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

തേങ്ങയുടെ വിലയിടിവും രോഗബാധയും നാളികേര കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. തെങ്ങുകൃഷി വികസനത്തിനുവേണ്ടി സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുകയും യന്ത്രവൽക്കരണം നടപ്പിലാക്കുകയും ചെയ്താൽ പ്രതിസന്ധി ഒരു പരിധിവരെ മറികടക്കാൻ സാധിക്കൂ.

നെൽകൃഷി വികസന പ്രോജക്ടുകൾ സമയബന്ധിതമായി പാടശേഖരസമിതികൾ മുഖേന കഴിഞ്ഞ പദ്ധതികാലയളവിൽ നടപ്പിലാക്കുവാൻ സാധിച്ചതിനാൽ ഗുണഭോക്താക്കൾക്ക് ഫലം ലഭിക്കുകയും മുൻകാലങ്ങളിലേക്കാളും ഉല്പാദന വർദ്ധനവ് ലഭിക്കുകയും ചെയ്തു. 20 ഹെക്ടർ പുതുതായി കൃഷി ആരംഭിക്കാനായിട്ടുണ്ട്.

കൃഷിവകുപ്പ് മുഖാന്തിരം ഹോർട്ടികൾച്ചർ മിഷൻ, ആത്മ, രാഷ്ട്രീയ കൃഷി വികാസ് യോജന, നാഷണൽ ബയോഗ്യാസ് & മാന്യൂർ മാനേജ്മെന്റ് പ്രോഗ്രാം, ചെറുകിട യന്ത്രവൽക്കരണം, ഭക്ഷ്യ സുരക്ഷാ പദ്ധതി, സംയോജിത പച്ചക്കറികൃഷി വികസന പദ്ധതി എന്നിവയിൽപ്പെടുത്തി നെൽകൃഷിക്ക് വളം, കൊയ്ത്തുകൂലി, ഉൽപ്പാദനബോണസ്, തെങ്ങ്, വാഴ, പൈനാപ്പിൾ, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി കൃഷി എന്നിവയ്ക്ക് ആനുകൂല്യം കൂടാതെ കാട് വെട്ട് യന്ത്രം, മോട്ടോർ പമ്പ് സെറ്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, മണ്ണിര കമ്പോസ്റ്റ് പ്ലാന്റുകൾ എന്നിവയ്ക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.

കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം, വിള ഇൻഷുറൻസ് എന്നിവയ്ക്ക് ആനുകൂല്യം നൽകുന്നു. ഗുണമേന്മയുള്ള പച്ചക്കറി വിത്ത്, തെങ്ങിൻതൈകൾ ജൈവ കുമിൾനാശിനികൾ, എന്നിവയും വിതരണം ചെയ്തുവരുന്നു. ആത്മ പദ്ധതിയിൽപ്പെടുത്തി

അർഹരായ കർഷകർക്ക് നൂതന കാർഷിക സാങ്കേതിക വിദ്യയിൽ പരിശീലനം നൽകി വരുന്നു. നെൽ കർഷകർക്ക് കിസാൻ അഭിമാൻ പദ്ധതി മുഖാന്തിരം പെൻഷൻ വിതരണം നടത്തുതോടൊപ്പം അർഹരായ മുഴുവൻ കർഷകർക്കും കർഷക ക്ഷേമപെൻഷൻ നൽകുവാനുള്ള നടപടി നടന്നു വരുന്നു.

# 3. മൃഗസംരക്ഷണവും ക്ഷീരവികസനവും

## മേഖലയുടെ ഇന്നത്തെ അവസ്ഥ

നമ്മുടെ സംസ്കാരത്തിന്റെ അവിഭാജ്യഘടകവും കുടുംബജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തതുമായ ഒരു തൊഴിലാണ് വളർത്തുമൃഗങ്ങളെ സംരക്ഷിക്കുന്നത്. പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ 2800 ഓളം വരുന്ന കുടുംബങ്ങളിൽ പശുവളർത്തൽ വ്യാപകമാണ്. അവർക്ക് ആവശ്യമായ കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽകൃഷി എന്നിവ നൽകി പ്രോത്സാഹിപ്പിക്കുന്നു. മുട്ടക്കോഴി വളർത്തൽ 12-ാം പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തി. മുട്ടക്കോഴി എ.പി.എൽ., ബി.പി.എൽ. വിഭാഗക്കാർക്ക് വിതരണം ചെയ്തു. അത് വളരെ പ്രയോജനപ്രദമായിരുന്നു. കാലിത്തൊഴുത്ത് നിർമ്മാണത്തിന് പഞ്ചായത്തടിസ്ഥാനത്തിൽ ധനസഹായം നൽകിയിട്ടുണ്ട്.

1. തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കൽ
2. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുക
3. വ്യാവസായികാടിസ്ഥാനത്തിൽ പശുവളർത്തൽ പ്രോത്സാഹിപ്പിക്കുക
4. ഇന്റഗ്രേറ്റഡ് ഫാമിംഗിന്റെ സാദ്ധ്യത പ്രയോജനപ്പെടുത്തണം
5. ക്ഷീരവിപ്ലവം

# 4. പ്രാദേശിക സാമ്പത്തിക വികസനം

ഒരു ഗ്രാമപ്രദേശത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനം വ്യവസായിക പുരോഗതിയിലൂടെ സാധ്യമാകുന്നു. വ്യവസായ സംരംഭങ്ങൾ ഒരു നാടിന്റെ അടിസ്ഥാന വികസനത്തിന് കാരണമാകുന്നു. ചെറുകിട സംരംഭങ്ങൾ വഴി സമൂഹത്തിലെ താഴെത്തട്ടിലുള്ളവരെ ഉയർത്തിക്കൊണ്ടുവരുന്നതിനും അതുവഴി തൊഴിലില്ലായ്മ കുറയ്ക്കുന്നതിനും സാധിക്കുന്നു.

ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാൻ അനുയോജ്യമായ സ്ഥലമുണ്ടായിരുന്നെങ്കിലും ഈ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല. എങ്കിലും കഴിഞ്ഞ 10 വർഷക്കാലയളവിനുള്ളിൽ ഈ രംഗത്ത് ആശാവഹമായ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. വ്യവസായ സംരംഭകരുടെ അഭാവം, പരിശീലനക്കുറവ്, മൂലധനം കണ്ടെത്താനുള്ള ബുദ്ധിമുട്ട്, ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യക്കുറവ്, കൃത്യമായ മാർഗ്ഗനിർദ്ദേശത്തിന്റെ അഭാവം, ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത, പ്രാദേശിക ജനങ്ങളുടെ സഹകരണക്കുറവ്, കുറഞ്ഞ സാങ്കേതിക വിദ്യ തുടങ്ങിയവയാണ് ഈ മേഖലയിലെ പിന്നോക്കാവസ്ഥയ്ക്ക് കാരണം.

ഗ്രാമപഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ല. നിരവധി ആളുകൾക്ക് തൊഴിൽ നൽകുന്ന സിമന്റിഷ്ടിക നിർമ്മാണ യൂണിറ്റുകൾ, കെട്ടിടനിർമ്മാണ അനുബന്ധ ഉൽപ്പന്ന യൂണിറ്റുകൾ വിവിധ പ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ക്രഷർ യൂണിറ്റുകൾ, ഫർണ്ണീച്ചർ നിർമ്മാണ യൂണിറ്റുകൾ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ എന്നിവ വിവിധയിടങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സ്വയംതൊഴിൽ സംരംഭങ്ങളായി ബേക്കറി, ചിപ്സ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന നിരവധി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. അരിമില്ല്, കോഴിഫാമുകൾ, ഡെയറിഫാമുകൾ എന്നിവയും പ്രവർത്തിച്ചുവരുന്നു.

പഞ്ചായത്തിന്റെ പൊതുസാമ്പത്തിക സാമൂഹിക വികസനം ഉറപ്പാക്കുന്നതിനുവേണ്ടി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും ഉതകുന്ന പദ്ധതികൾക്കാണ് 13-ാം പദ്ധതിക്കാലത്ത് മുൻഗണന നൽകുന്നത്. ഓരോ വാർഡിലും ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുകയും ഇതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, അതുവഴി സാമ്പത്തിക പുരോഗതി കൈവരിക്കുകയും, ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുകയും ചെയ്യുകയാണ് ലക്ഷ്യമിടുന്നത്.

# 5. ദാരിദ്യ ലഘൂകരണം

## മേഖലയുടെ ഇന്നത്തെ അവസ്ഥ

പൈങ്ങോട്ടൂർ പഞ്ചായത്തിൽ 4018 ഓളം കുടുംബങ്ങൾ ഉള്ളതിൽ ബി.പി.എൽ. സർവ്വേ ലിസ്റ്റ് പ്രകാരം 2177 ബി.പി.എൽ. കുടുംബങ്ങളുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ഇതിലും അധികം കുടുംബങ്ങൾ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ഇവരിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികളും നാമമാത്ര കർഷകരുമാണ് ഇവരെല്ലാവരും തന്നെ തൊഴിലുറപ്പ് പദ്ധതിയിൽ പണിയുന്നവരാണ്. ഇ.എം.എസ്. ഭവനനിർമ്മാണ സർവ്വേപ്രകാരം സ്വന്തമായി വീടില്ലാത്ത 352 ജനറൽ വിഭാഗവും 53 പട്ടികജാതിയും 5 പട്ടികവർഗ്ഗ കുടുംബങ്ങളും ഭൂരഹിത ഭവനരഹിതരായ 58 ജനറൽ വിഭാഗവും, 31 പട്ടികജാതി വിഭാഗക്കാരും പഞ്ചായത്തിലുണ്ട്. ഇതിൽ 128 കുടുംബങ്ങൾക്ക് ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം വീട് അനുവദിച്ച് ധനസഹായം നൽകിയിട്ടുള്ളതാണ്. കൂടാതെ ഹൗസിംഗ് ബോർഡിന്റെ ധനസഹായത്താൽ ഒറ്റവീടുകളായിരുന്ന 8 കുടുംബങ്ങൾക്ക് പ്രത്യേകം പ്രത്യേകമായി വീടുകൾ നിർമ്മിച്ചു നൽകി. 2013-14 ൽ ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടുകൂടി 38 വീടുകൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 82-ഓളം കുടുംബങ്ങൾക്ക് വീട് അറ്റകുറ്റപ്പണികൾക്ക് ധനസഹായം ലഭ്യമാക്കുവാൻ കഴിഞ്ഞു. ഇതോടൊപ്പം ആശ്രയ പദ്ധതിയിൽപ്പെടുത്തി വീടിന് ധനസഹായം നൽകുകയുണ്ടായി.

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ മുപ്പത്തിയഞ്ച് ശതമാനത്തിലധികം പേരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബക്കാരും, അഞ്ചു ശതമാനത്തോളം പേർ ദാരിദ്രരിൽ ദരിദ്രരുമാണ്. ഉല്പാദന മേഖലയുടെ വളർച്ച മുഖേന സാമ്പത്തിക പുരോഗതി കൈവരിക്കുക എന്നതാണ് 2017-18 പദ്ധതിയിൽ ലക്ഷ്യമിടുന്നത്. ഇതിനായി ദരിദ്രവിഭാഗത്തിൽപ്പെട്ടവർക്ക് സേവനമേഖലയിലും മറ്റ് മേഖലകളിലും പ്രയോജനപ്രദമായ പദ്ധതികൾ രൂപകൽപ്പന ചെയ്തിട്ടുണ്ട്. ദീർഘകാലപ്രവർത്തനങ്ങളിലൂടെ മാത്രമേ ഈ മേഖലയിലെ വെല്ലുവിളികൾക്ക് ശാശ്വതപരിഹാരം നേടിയെടുക്കാനാവൂ. ദാരിദ്യ

നിർമ്മാർജ്ജനം ലക്ഷ്യമിടുന്ന വിവിധ വകുപ്പുകളുടെയും പഞ്ചായത്തിലെ സജീവ സാന്നിദ്ധ്യമായ കുടുംബശ്രീ മിഷന്റെയും ഏകോപന പ്രവർത്തനങ്ങൾ ഈ പദ്ധതിക്കാലത്താണ് ലക്ഷ്യമിടുന്നത്.

# 6. സാമൂഹ്യനീതി

## മേഖലയുടെ ഇന്നത്തെ അവസ്ഥ

വികസനക്കുതിപ്പിനിടയിൽ വിസ്മരിക്കപ്പെട്ടു പോകുന്ന/പോകാവുന്ന വിഭാഗങ്ങളുടെ ക്ഷേമം കൂടി ഉറപ്പുവരുത്തേണ്ട ബാദ്ധ്യത വികസന സമൂഹത്തിനുണ്ട്. ബഡ്ജറ്റിന്റെ നല്ലൊരു ശതമാനത്തോളം തുക സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുന്നുണ്ട്.

1. കുട്ടികളുടെ മാനസിക/ശാരീരിക ഉല്ലാസത്തിന് സൗകര്യങ്ങളില്ല.
2. വൃദ്ധന്മാരുടെ ശാരീരിക/മാനസിക ഉല്ലാസത്തിന് സൗകര്യങ്ങളില്ല

വികസനക്കുതിപ്പിനിടെ/ജോലിത്തിരക്കിനിടെ വിസ്മരിക്കപ്പെട്ടുപോവുന്ന വിഭാഗങ്ങളെ കണ്ടെത്തി അവരെക്കൂടി പൊതുധാരയിലെത്തിക്കുന്ന കാഴ്ചപ്പാട്. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് കൂടുതൽ പരിഗണന നൽകുക. ഈ വിഷയത്തിൽ താൽപ്പര്യമുള്ള വ്യക്തികളെയും സംഘങ്ങളെയും കണ്ടെത്തി അവരുടെകൂടി സഹകരണത്തോടെ പദ്ധതികൾ നടപ്പിലാക്കുകയും അവർക്ക് ചെയ്യാൻ കഴിയാത്തത് പഞ്ചായത്ത് നേരിട്ടു ചെയ്യുന്ന നയസമീപനം.

# 7. പട്ടികജാതി വികസനം

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗക്കാരിൽ ഭൂരിഭാഗവും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. ഇവരിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികളും നിർമ്മാണമേഖലയിൽ പണിയെടുക്കുന്നവരുമാണ്. ഇവർക്ക് നിശ്ചിതവരുമാനമോ തൊഴിലോ, ഇല്ലാത്തതിനാൽ ദാരിദ്ര്യത്തിന്റെ കയ്പുനീർ കുടിക്കേണ്ടിവരുന്നു. പട്ടികജാതിക്കാർ മറ്റുവിഭാഗങ്ങളുമായി ഇടകലർന്ന് താമസിക്കുന്നതിനാലും കാർഷികമേഖലയുടെ മുരടിപ്പ് കാരണവും അവരുടെ തനത് ജീവിതരീതിയിലും സംസ്കാരത്തിലും കാതലായ മാറ്റം സംഭവിച്ചിട്ടുണ്ട്. തന്മൂലം പല നാടൻ കലാരൂപങ്ങളും കൈത്തൊഴിലുകളും അന്യം നിന്നുപോയി. സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥ മൂലം കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മറ്റ് തൊഴിലുകൾ സ്വീകരിക്കുന്നതിനാൽ ഉന്നതവിദ്യാഭ്യാസം നേടാൻ കഴിയുന്നില്ല.

ഗ്രാമപഞ്ചായത്തിൽ പട്ടികജാതി കോളനികളും സങ്കേതങ്ങളുമായി പത്തോളമെണ്ണമുണ്ട്. ഇ.എം.എസ്. ഭവനനിർമ്മാണ സർവ്വേ പ്രകാരം സ്വന്തമായി വീടില്ലാത്ത 53 പട്ടികജാതി കുടുംബങ്ങളും ഭൂരഹിതരായ 31 പട്ടികജാതി കുടുംബങ്ങളും ഉണ്ട്.

പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ധനസഹായം നൽകിയിട്ടുണ്ട്. ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടി ഭവനനിർമ്മാണം, വീട് മെയിന്റനൻസ്, വീട് വൈദ്യുതീകരണം, കിണർ, പെൺകുട്ടികൾക്ക് വിവാഹധനസഹായം, ഉന്നതവിദ്യാഭ്യാസത്തിന് ധനസഹായം, എന്നിവ നടപ്പിൽ വരുത്തിയിട്ടുണ്ട്. കോളനികളിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി റോഡ് നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. സ്വയം തൊഴിൽ നേടുന്നതിനുവേണ്ടി യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം നടത്തി ഡ്രൈവിംഗ് ലൈസൻസ് നൽകി.

ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങൽ, ഐ.എ.വൈ., തുറന്ന കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ, പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ, വിവിധ പട്ടികജാതി കോളനികളിൽ റോഡ് മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് എന്നിവ 2013-14, 14-15, 15-16 വർഷങ്ങളിൽ നടത്തിയ എസ്.സി. പദ്ധതികളിൽപ്പെടുന്നു.

ഭൂരഹിതരായ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും സ്ഥലവും വീടും വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുക, അഭ്യസ്തരായ ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകൾക്ക് സൗജന്യ പരീക്ഷ പരിശീലനം നൽകുക, അവരെ ഉദ്യോഗം ലഭിക്കുന്നതിന് പ്രാപ്തരാക്കുക, കുടുംബശ്രീ യൂണിറ്റുകൾ വഴി സ്വയംതൊഴിൽ, പാട്ടകൃഷി, സംരംഭങ്ങൾക്ക് സഹായം നൽകുക വഴി വരുമാന വർദ്ധനവ് സാധ്യമാക്കുന്നു. പൊതുശ്മശാനത്തിനുവേണ്ടി ഏറ്റെടുത്തിട്ടുള്ള സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്തിന്റെയും സമീപപ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്തുകളുടേയും സഹകരണത്തോടെ ശ്മശാന നിർമ്മാണം പൂർത്തീകരിക്കുക എന്നത് ഈ പദ്ധതിക്കാലത്ത് ലക്ഷ്യമിടുന്നു.

# 8. വനിതാ വികസനം

## മേഖലയുടെ ഇന്നത്തെ അവസ്ഥ

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 9428 പേർ വനിതകളാണ്. ഇവരിൽ ബഹുഭൂരിപക്ഷവും തൊഴിലില്ലാത്തവരുമാണ്. ഒരേ ജോലി ചെയ്യുന്ന സ്ത്രീയ്ക്കും പുരുഷനും വ്യത്യസ്ത നിരക്കിലാണ് വേതനം നൽകുന്നത്. അഭ്യസ്തവിദ്യരായ യുവതികൾക്ക് ജോലിയൊന്നുമില്ല. പതിനൊന്നാം പഞ്ചവത്സരപദ്ധതിയോടുകൂടി സ്ത്രീജനങ്ങൾക്ക് മാറ്റം സംഭവിക്കുകയും പഞ്ചായത്തിൽ 16 അംഗൻവാടികൾ, 7 വനിത സ്വയംസഹായ സംഘങ്ങൾ, 114 കുടുംബശ്രീ യൂണിറ്റുകൾ, ഓക്സിലറി ഗ്രൂപ്പുകൾ എന്നിവ രൂപീകരിക്കുകയും വനിതകൾക്ക് ആവശ്യമായ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭകളിൽ കൂടുതൽ പേരും സ്ത്രീകളാണ് പങ്കെടുക്കുന്നത്. തൊഴിലുറപ്പു രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം ശ്രദ്ധേയമാണ്.

വികസനത്തിന്റെ പാതയിൽ മുന്നോട്ടുപോകുമ്പോൾ സ്ത്രീജനങ്ങളെ വിസ്മരിക്കാതെ അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരിക. പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് കൂടുതൽ പരിഗണന നൽകുക. അവരുടെ ശാരീരിക/മാനസിക പിന്നോക്കാവസ്ഥ പരിഗണിച്ചുകൊണ്ടുള്ള മൃദു നയം.

# 9. ആരോഗ്യം

പഞ്ചായത്തിൽ കടവൂർ പി.എച്ച്.സി, ഹോമിയോ, ആയുർവേദ ആശുപത്രികളിലായി നിത്യേന 350ലധികം ആളുകൾ ചികിത്സ തേടുന്നുണ്ട്. കടവൂർ പി.എച്ച്.സി. യിൽ 3 ഡോക്ടർമാരും ഹോമിയോ ആയുർവേദ ആശുപത്രികളിലായി ഓരോ ഡോക്ടർമാരുടെയും സേവനമാണ് ഇപ്പോൾ നമുക്ക് ലഭ്യമായിട്ടുള്ളത്. പ്രതിവർഷം ആരോഗ്യ രംഗത്ത് സർക്കാർ സഹായമടക്കം 30 ലക്ഷത്തിലധികം രൂപ മരുന്നിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനടക്കം ചെലവഴിച്ചു വരുന്നുണ്ട്.

ആവശ്യമരുന്നുകളടക്കമുള്ളവയുടെ വിലവർദ്ധനവും ജീവിത ശൈലി രോഗങ്ങൾ മൂലം അവശ

തയനുഭവിക്കുന്നവരുടെ എണ്ണത്തിലുള്ള വർദ്ധനവും മാരകരോഗമായ ക്യാൻസറും പകർച്ച വ്യാധികളും നാം നേരിടുന്ന വെല്ലുവിളികളാണ്.

ഈ പ്രോജക്ട് പ്രകാരം പൈങ്ങോട്ടൂർ പഞ്ചായത്തിലെ പൊതുജനങ്ങൾക്ക് വിശിഷ്യാ വൃദ്ധജനങ്ങൾക്കും രോഗികൾക്കും രോഗപരിശോധന, രോഗചികിത്സയ്ക്കും പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനുമായ മരുന്നുവിതരണം, മെച്ചപ്പെട്ട ആരോഗ്യത്തിനായുള്ള നിർദ്ദേശങ്ങൾ എന്നിവ ലഭ്യമാക്കുന്നു. ഈ പ്രവൃത്തി മുഖാന്തിരം വൃദ്ധജനങ്ങളുടെ വാർദ്ധക്യസഹജ വ്യാധികൾ, ജീവിതശൈലീ രോഗങ്ങൾ, കാലവസ്ഥാവ്യതിയാനം കൊണ്ടുള്ള രോഗങ്ങൾ, പകർച്ചപ്പനി മുതലായവയ്ക്കുള്ള ചികിത്സയും പ്രതിരോധവും നൽകി തദ്വാരാ മെച്ചപ്പെട്ട ശാരീരികവും മാനസികവുമായ ആരോഗ്യം പ്രദാനം ചെയ്യുവാൻ കഴിയുന്നു.

# 10. കുടിവെള്ളം-ശുചിത്വം

## മേഖലയുടെ ഇന്നത്തെ അവസ്ഥ

നമ്മുടെ പഞ്ചായത്ത് പ്രദേശത്തിന്റെ പകുതിയോളം ഭാഗം കിണർ കുഴിച്ചാൽ വെള്ളം കിട്ടാത്ത തരത്തിലുള്ളതാണ്. അവിടങ്ങളിൽ കുടിവെള്ളത്തിന് വാട്ടർ അതോറിറ്റിയെ ആശ്രയിക്കാതെ തരമില്ല. നാളിതുവരെ നമ്മുടെ പ്രവർത്തനങ്ങൾ കൊണ്ട് എല്ലാവർക്കും ആവശ്യത്തിന് കുടിവെള്ളം എന്ന ലക്ഷ്യത്തിന്റെ പകുതിയെ പൂർത്തീകരിക്കാൻ കഴിഞ്ഞുള്ളൂ.

മനുഷ്യന്റെ ജീവിത ശൈലിയിലുണ്ടായ മാറ്റത്തിന്റെ ഭാഗമായി മാലിന്യവും വർദ്ധിച്ചിട്ടുണ്ട്. വീടുകളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ വീടുകളിൽ തന്നെ സംസ്ക്കരിക്കേണ്ടതുണ്ട്.

കുടിക്കുന്നത് ശുദ്ധജലം എല്ലാവർക്കും ആവശ്യത്തിന് ജലം. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം. ലഭ്യമാകുന്ന എല്ലാ ഫണ്ടുകളും ഫലപ്രദമായി ഉപയോഗപ്പെടുത്തി പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ജലസേചന/കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുക. ജലവിതരണത്തെക്കാൾ ശുദ്ധജലം പാഴാക്കാതിരിക്കുന്നതിന് ഊന്നൽ നൽകുന്ന സമീപനം.

# 11. വിദ്യാഭ്യാസം, കല, സാംസ്ക്കാരികം, യുവജനകാര്യം

## മേഖലയുടെ ഇന്നത്തെ അവസ്ഥ

നമ്മുടെ പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസത്തനായി രണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളും ഒരു എൽ.പി. സ്കൂളു പൊതുമേഖലയിലും ഒരു ഹയർ സെക്കന്ററിയും 3 എൽ.പി.യും എയ്ഡഡ് മേഖലയിലും നമുക്കുണ്ട്. സ്വാശ്രയ രംഗത്ത് ഒരു കോളേജും പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ 3 ലൈബ്രറികളും 7 ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്. കലാ രംഗത്ത് കാര്യമായ ഇടപെടൽ ഒന്നും സംഘടിപ്പിക്കപ്പെടുന്നില്ല. യുവജനങ്ങളുടെ മാനസീകവും ശാരീരികവുമായ വളർച്ചയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങൾക്കായി കളിസ്ഥലങ്ങളുടെ നവീകരണം, ക്ലബ്ബുകൾ വഴി സ്പോട്സ് കിറ്റുകളുടെ വിതരണം അടക്കമുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. അനൗ

പചാരിക വിദ്യാഭ്യാസരംഗത്ത് സാക്ഷരതാ പ്രവർത്തനങ്ങളും വിവിധ വാർഡുകളിലുമായി ഗ്രന്ഥശാലകളും പ്രവർത്തിക്കുന്നു. വിദ്യാഭ്യാസ നിലവാരത്തിൽ നമ്മുടെ പഞ്ചായത്ത് സംസ്ഥാന ശരാശരിയേക്കാൾ മുന്നിലാണ്. ലൈബ്രറി/സാക്ഷരത പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ക്രിയാത്മക സമീപനം.

# 12. പൊതുഭരണവും ധനകാര്യവും.

## മേഖലയുടെ ഇന്നത്തെ അവസ്ഥ

### കമ്പ്യൂട്ടർ വത്ക്കരണം

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നത് ഇൻഫർമേഷൻ കേരള മിഷനാണ് ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക സഹായത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർ വൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കോർഡിനേറ്റർമാരും ജില്ലാതല സാങ്കേതിക സഹായം ഏകോപിപ്പിക്കുന്നതിനായി ജില്ലാ ടെക്നിക്കൽ ഓഫീസർമാരും പ്രവർത്തിക്കുന്നു. ഓരോ ബ്ലോക്കിലും വരുന്ന ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തിലും സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനായി ബ്ലോക്ക് കേന്ദ്രീകരിച്ച് ടെക്നിക്കൽ ഓഫീസർമാരും പ്രവർത്തിക്കുന്നുണ്ട്. വിപുലമായ സാങ്കേതിക സഹായത്തിനുള്ള സംവിധാനം നിലവിലുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇ-ഗവേൺസ് നടപ്പാക്കുന്നതിനായി വികസിപ്പിച്ച ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ ഇതിനകം ഇൻഫർമേഷൻ കേരള മിഷൻ ഗ്രാമപഞ്ചായത്തുകളിലും വിന്യസിച്ചു വരികയാണ്.

ഇൻഫർമേഷൻ കേരള മിഷന്റെ നേതൃത്വത്തിലുള്ള കമ്പ്യൂട്ടർ വൽക്കരണ പ്രവർത്തനം ഈ പഞ്ചായത്തിലും നടന്നുവരികയാണ്. കമ്പ്യൂട്ടറുകളും പ്രിന്ററും സ്കാനറും ഫോട്ടോസ്റ്റാറ്റ് മെഷീനും പഞ്ചായത്തിന്റെ കമ്പ്യൂട്ടർ വൽക്കരണത്തിന്റെ ഭാഗമായി സ്ഥാപിച്ചു കഴിഞ്ഞു. ഇൻഫർമേഷൻ കേരളമിഷൻ വികസിപ്പിച്ചെടുത്ത സേവന സിവിൽ രജിസ്ട്രേഷൻ സേവന പെൻഷൻ സ്ഥാപന, സുലേഖ, സഞ്ചിത, സുഗമ, സംവേദിത, സൂചിക എന്നീ ആപ്ലിക്കേഷനുകൾ ഇതിനകം പഞ്ചായത്തിൽ വിന്യസിച്ചു കഴിഞ്ഞു. പ്ലാൻ മോണിട്ടറിംഗിനുള്ള സുലേഖ, പെൻഷൻ വിതരണത്തിനുള്ള സേവന പെൻഷൻ സിവിൽ രജിസ്ട്രേഷനുള്ള സേവന ഫയൽ ട്രാക്കിംഗിനുള്ള സൂചിക തുടങ്ങി പഞ്ചായത്തിന്റെ ദൈനംദിന ഔദ്യോഗിക പ്രവർത്തനങ്ങളെ കമ്പ്യൂട്ടർ വൽക്കരിച്ച് ഇ-ഗവേൺസ പ്രവർത്തനം പുരോഗമിച്ചു വരുന്നു. സംവേദിത പാക്കേജ് വഴി പഞ്ചായത്തിന് തനതായ ഒരു വെബ്സൈറ്റും നിലവിൽ വന്നു.

### ഫ്രണ്ട് ഓഫീസ് സംവിധാനം വഴി ജനങ്ങൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ

⊕ സേവനങ്ങൾ ലഭ്യമാകുന്ന തീയതി ഉറപ്പുനൽകുന്നു

⊕ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നു

⊕ ഒരു സേവനത്തിന് അപേക്ഷ സമർപ്പിക്കുന്നതിനും അപാകത പരിഹരിക്കുന്നതിനുമായി ഒരു തവണ ഓഫീസിൽ വന്നാൽ മതിയെന്ന അവസ്ഥ ഉറപ്പുനൽകുന്നു.

- ⊕ സേവനങ്ങൾ ലഭിക്കാൻ വേണ്ട മാനദണ്ഡങ്ങൾ ലഭ്യമാക്കുന്നു.
- ⊕ സേവനങ്ങൾ എപ്പോഴെല്ലാം ലഭിക്കുമെന്ന വിവരം ലഭ്യമാക്കുന്നു.
- ⊕ സേവനങ്ങൾക്ക് ആരെ സമീപിക്കണമെന്ന വിവരം ലഭ്യമാക്കുന്നു.
- ⊕ ഉദ്യോഗസ്ഥരിലൂടെയും ചെക്ക്ലിസ്റ്റ്, പൗരാവകാശ തുടങ്ങിയവ വഴി സംശയങ്ങൾ തീർക്കുന്നതിന് പ്രത്യേക സംവിധാനം ഉറപ്പുനൽകുന്നു.
- ⊕ കഴിവതും പ്രിന്റ് ചെയ്ത അപേക്ഷകൾ ലഭ്യമാക്കുന്നു.

പരിഷ്കരിച്ച്/നൂതന സംവിധാനങ്ങൾ 100-ൽ 100 ഉം കാര്യക്ഷമതയോടുകൂടിയ ഓഫീസ് പ്രവർത്തനങ്ങൾ. ജീവനക്കാരുടെ കർമ്മശേഷി മുഴുവൻ പ്രയോജനപ്പെടുത്തുന്ന വിധം പ്രായോഗികതയിലൂന്നിയ രീതി. നിയതവും നീതിപൂർവ്വവുമായ പ്രായോഗിക സമീപനം.

# 13. പൊതുമരാമത്ത്

## മേഖലയുടെ ഇന്നത്തെ അവസ്ഥ

പഞ്ചായത്തിൽ 302 കി.മി. റോഡാണ് നമുക്കുള്ളത്. റോഡുകൾ ഇല്ലാത്ത പ്രദേശം കുറവാണെങ്കിലും ടാറിടാത്ത റോഡുകൾ ഇനിയും ഉണ്ട്. കാളിയാർ-കക്കടാശ്ശേരി റോഡിന് സമാനമായി കൊല്ലംപടി-മണിപ്പാറ-ഇല്ലിച്ചുവട്-പൊത്തൻചീനി-പൈങ്ങോട്ടൂർ റോഡ് നിർമ്മാണം നടന്നു വരുന്നു.

ഗതാഗതയോഗ്യവും, തണൽ മരങ്ങളുള്ളതും വൃത്തിയുള്ളതുമായ റോഡുകൾ. വിവിധ വകുപ്പുകളെ ക്രോഡീകരിച്ച് യഥാസമയം അവരെക്കൊണ്ട് ജോലികൾ ചെയ്യിക്കുന്ന രീതി. ഉള്ള റോഡുകൾ നന്നാക്കുന്നതിന് പ്രഥമ പരിഗണനയും പുതിയ റോഡുകൾക്ക് രണ്ടാമത്തെ പരിഗണനയും നൽകുന്ന നയം.

പൊതു വികസനത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ കേന്ദ്രമായ പൈങ്ങോട്ടൂർ ടൗൺ വികസനവുമായി ബന്ധപ്പെട്ട് ആധുനിക ബസ്സ് സ്റ്റാന്റ് നിർമ്മാണം, പുറമ്പോക്ക് ഭൂമി ഒഴിപ്പിച്ച് ടാക്സി സ്റ്റാന്റ് നിർമ്മാണം, ഷോപ്പിംഗ് കോംപ്ലക്സും ടൗൺഹാൾ നിർമ്മാണവും, പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സുകളുടെ തുടർനിലകളുടെ നിർമ്മാണം, പൊതു ശ്മശാനം, ആധുനിക സ്ലോട്ടർ ഹൗസ്, മാലിന്യ സംസ്കരണ പ്ലാന്റ് അടക്കമുള്ള വികസന പദ്ധതികളാണ് ലക്ഷ്യം വയ്ക്കുന്നത്.

സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുന്ന നവകേരളമിഷൻ പദ്ധതിയുടെ ഭാഗമായി വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീടും സ്വന്തം ജീവനോപാധി കണ്ടെത്താനുള്ള കൈത്താങ്ങും ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന ലൈഫ് പദ്ധതിയും, സമകാലിക ആരോഗ്യപ്രശ്നങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ പരിഗണിക്കുന്നതിനായി ജനഹൃദയ സർക്കാർ ആശുപത്രികൾ സൃഷ്ടിച്ച് ആർദ്രം പദ്ധതിയും, പോരായ്മകൾ പരിഹരിച്ച് ഒന്നുമുതൽ 12-ാം ക്ലാസ്സ് വരെയുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയും, കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുക്കുക സംരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഹരിത കേരളം പദ്ധതിയും ഏറ്റെടുത്ത് ഏറ്റവും കാര്യക്ഷമമായി നമുക്ക് നടപ്പാക്കേണ്ടതുണ്ട്.

## അദ്ധ്യായം 5

# വിഭവ സ്ത്രോതസ്സുകളും വകയിരുത്തലുകളും

## പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് 2026 – 2027 വാർഷിക പദ്ധതി

### 1. വിഭവസ്രോതസ്സുകൾ

| ക്രമ നമ്പർ | വിഭവ സ്രോതസ്സുകൾ | | | വകയിരുത്തുന്ന തുക |
|---|---|---|---|---|
| 1 | വികസന ഫണ്ട് | സാധാരണവിഹിതം | | 20146000 |
| | | പട്ടികജാതി ഉപപദ്ധതി | | 3910000 |
| | | പട്ടികവർഗ്ഗ ഉപപദ്ധതി | | 0 |
| | | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ടൈഡ് | 0 |
| | | | അൺടൈഡ് | 0 |
| 2 | മെയിന്റനൻസ് ഫണ്ട് | റോഡിതരം | | 6654000 |
| | | റോഡ് | | 19035000 |
| 3 | തനത് ഫണ്ട് | | | 484974 |
| 4. | സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | | | 5000000 |
| 5. | കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | | | 1000000 |
| 6. | വായ്പ | | | 14000000 |
| 7. | വായ്പ മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് | | | 0 |
| 8. | ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടയ്ക്കുന്നത് | | | 1178890 |
| 9. | ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത് | | | 340000 |
| 10. | സന്നദ്ധസേവനം | | | 0 |
| 11. | സംഭാവന | | | 0 |
| 12. | മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം | ഗ്രാമപഞ്ചായത്തുകളിൽ നിന്ന് | | 0 |
| | | ബ്ലോക്കുപഞ്ചായത്തുകളിൽ നിന്ന് | | 5110620 |
| | | ജില്ലാപഞ്ചായത്തിൽ നിന്ന് | | 8641040 |
| | **ആകെ മൊത്തം** | | | **85500524** |

അദ്ധ്യായം 6

# പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും

# പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

## വാർഷിക പദ്ധതി 2026-27

അന്തിമ പദ്ധതികൾ

| ക്രമനം | പ്രോ. നം | പദ്ധതിയുടെ പേര് | വികസന ഫണ്ട് ജനറൽ | എസ് സി പി | തനതുഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ല പഞ്ചായത്ത് വിഹിതം | മറ്റുള്ളവ | മെയിന്റനൻസ് ഗ്രാന്റ് റോഡ് | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| ഉൽപാദന മേഖല | | | | | | | | | | | |
| 1 | 3 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം | 549990 | | | | | 549990 | | | 1099980 |
| 2 | 4 | പേവിഷബാധ നിയന്ത്രണം | 20000 | | | | | | | | 20000 |
| 3 | 5 | അടുക്കളമുറ്റത്തെ മുട്ടക്കോഴി വളർത്തൽ-ജനറൽ | 390000 | | | | | 32500 | | | 422500 |
| 4 | 6 | പോത്തുക്കുട്ടി വിതരണം | 460073 | | 127927 | | | 588000 | | | 1176000 |
| 5 | 10 | നെൽകൃഷി വിത്തും കൂലിചിലവും | 1000000 | | | | 250000 | | | | 1250000 |
| 6 | 12 | വാഴ കൃഷി വികസനം | 150000 | | | | | | | | 150000 |
| 7 | 13 | സമഗ്രപുരയിട കൃഷി വികസനം | 1000000 | | | | | 340000 | | | 1340000 |
| 8 | 19 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | | | | | | | | 700000 | 700000 |
| 9 | 46 | അടുക്കളമുറ്റത്തെ മുട്ടക്കോഴി വളർത്തൽ-എസ് സി | | 100800 | | | | 8400 | | | 109200 |
| 10 | 52 | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭത്തിന് ധനസഹായ പദ്ധതി- പൊതുവിഭാഗം | 700000 | | | | | | | | 700000 |
| 11 | 66 | ക്ഷീര സംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 350000 | | | 475000 | 400000 | | | | 1225000 |
| 12 | 67 | കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന സംവിധാനത്തിന് ധനസഹായം | 622600 | | 27400 | | | | | | 650000 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 13 | 68 | ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ സഹായം | 100000 | | | | | | | | 100000 |
| 14 | 74 | കൃഷി ഭവൻ നവീകരണം | | | | | | | | 575000 | 575000 |
| 15 | 76 | വനിതകള്ക്ക് നൈപുണ്യ പരിശീലനം | 250000 | | | | | | | | 250000 |
| 16 | 99 | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭത്തിന് ധനസഹായ പദ്ധതി-പട്ടികജാതി | | 230080 | | | | | | | 230080 |
| | | | 5592663 | 330880 | 155327 | 475000 | 650000 | 1518890 | | 1275000 | 9997760 |

## സേവന മേഖല

| ക്രമനം | പ്രോ. നം | പദ്ധതിയുടെ പേര് | വികസന ഫണ്ട് ജനറൽ | എസ് സി പി | തനതുഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ല പഞ്ചായത്ത് വിഹിതം | മറ്റുള്ളവ | മെയിന്റനൻസ് ഗ്രാന്റ് റോഡ് | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| 17 | 1 | ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകൽ | 240000 | | | | | | | | 240000 |
| 18 | 2 | പാലിയേറ്റീവ് പരിചരണം | 800000 | | | | | | | | 800000 |
| 19 | 7 | അതിദരിദ്രർ - മൈക്രോപ്ലാൻ - മരുന്ന് വാങ്ങൽ | 30000 | | | | | | | | 30000 |
| 20 | 8 | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ | 40000 | | | | | | | | 40000 |
| 21 | 9 | കൃഷിഭവൻറെ ഓഫീസ് ചിലവുകൾ | | | | | | | | 100000 | 100000 |
| 22 | 11 | കൃഷി ഭവന് ഫർണീച്ചർ വാങ്ങൽ | | | | | | | | 100000 | 100000 |
| 23 | 14 | പദ്ധതി രൂപീകരണം നിർവ്വഹണം മോണിട്ടറിംഗ് | 200000 | | 25000 | | | | | | 225000 |
| 24 | 15 | ഐ കെ എം ന് വിഹിതം നൽകൽ | 60000 | | | | | | | | 60000 |
| 25 | 16 | ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി | 40000 | | | | | | | | 40000 |
| 26 | 17 | കടവൂർ എഫ് എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ | | | | | | | | 600000 | 600000 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 27 | 18 | കടവൂർ എഫ് എച്ച് സി കണ്ടിജൻസി ചെലവ് | | | | | | | | 250000 | 250000 |
| 28 | 20 | അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഹോണറേറിയം | 700800 | | | | | | | | 700800 |
| 29 | 21 | വെറ്ററിനറി ഡിസ്പെൻസറിയിലെ കണ്ടിജൻസി ചിലവുകൾ | | | | | | | | 60000 | 60000 |
| 30 | 22 | ലൈഫ് ഭവന പദ്ധതി വായ്പ ഇക തിരിച്ചടവ് - ജനറൽ | 2500000 | | | | | | | | 2500000 |
| 31 | 23 | വനിത വിപണന കേന്ദ്രത്തിന് അനുബന്ധ സൌകര്യങ്ങൾ ഒരുക്കൽ | 200000 | | | | | | | | 200000 |
| 32 | 24 | വരൾച്ചാ ദുരിതാശ്വാസം - കുടിവെള്ള വിതരണം | 350000 | | | | | | | | 350000 |
| 33 | 25 | പല്ലാരിമംഗലം ബഡ്സ് സ്കൂളിന് വിഹിതം നൽകൽ | 100000 | | | | | | | | 100000 |
| 34 | 27 | കടവൂർ എഫ് എച്ച്സി യിലേക്ക് ഉപകരണങ്ങളും ഫർണ്ണീച്ചർ വാങ്ങുന്നത് | | | | | | | | 75000 | 75000 |
| 35 | 28 | വിജയ ഭേരി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 22500 | | | 22500 | 45000 | | | | 90000 |
| 36 | 30 | ലൈഫ് ഭവന നിർമ്മാണം ജനറൽ | 800000 | | | 2000000 | 3200000 | 14000000 | | | 20000000 |
| 37 | 31 | കേരളോത്സവം | 100000 | | | | | | | | 100000 |
| 38 | 32 | അതിദാരിദ്ര നിർമ്മാർജ്ജന പദ്ധതി-ഭക്ഷണം നൽകൽ | 200000 | | | | | | | | 200000 |
| 39 | 34 | അങ്കണവാടി പോഷകാഹാര പദ്ധതി | 500000 | | | | | 1000000 | | | 1500000 |
| 40 | 35 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | | | | | | | | 700000 | 700000 |
| 41 | 36 | അഗതിരഹിത കേരളം | 78300 | | | | | | | | 78300 |
| 42 | 37 | ഭിന്നശേഷി സ്കോളർഷിപ്പ് നൽകൽ | 732840 | | | 363120 | 121040 | | | | 1217000 |
| 43 | 38 | നഴ്സറി കുട്ടികളുടെ ഭക്ഷണപാചക ചെലവ്-പട്ടികജാതി വിഭാഗം | | 400000 | | | | | | | 400000 |
| 44 | 39 | പി എം എ വൈ ജി ഭവന പദ്ധതി വിഹിതം നൽകൽ ജനറൽ | 280000 | | | | | | | | 280000 |
| 45 | 40 | വിജയ ഭേരി-പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | 250000 | | 250000 | 500000 | | | | 1000000 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 46 | 41 | ഭവന പുനരുദ്ധാരണം ജനറൽ | 1050000 | | | | | | | | 1050000 |
| 47 | 42 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -പട്ടികജാതി വിഭാഗം | | 630000 | | | | | | | 630000 |
| 48 | 43 | ഭവന പുനരുദ്ധാരണം എസ് സി | | 665353 | 34647 | | | | | | 700000 |
| 49 | 44 | വിജ്ഞാന കേരളം | 100000 | | | | | | | | 100000 |
| 50 | 47 | ലൈഫ് ഭവന നിർമ്മാണം എസ് സി | | 400000 | | 2000000 | 2600000 | 5000000 | | | 10000000 |
| 51 | 48 | വയോജനങ്ങൾക്ക് കട്ടിൽ -പട്ടികജാതി | | 150000 | | | | | | | 150000 |
| 52 | 49 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് റാക്ക് വാങ്ങൽ | | | | | | | | 50000 | 50000 |
| 53 | 50 | ലൈഫ് ഭവന പദ്ധതി വായ്പ ഇക തിരിച്ചടവ് - എസ് സി | | 283767 | | | | | | | 283767 |
| 54 | 51 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം | | 300000 | | | | | | | 300000 |
| 55 | 53 | ആയുർവ്വേദ ഡിസ്പെൻസറിയുടെ കണ്ടിജൻസി ചെലവ് | | | | | | | | 100000 | 100000 |
| 56 | 54 | ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് ലാപ്ടോപ്പും പ്രിൻററും യുപിഎസ്സും വാങ്ങൽ | | | | | | | | 80000 | 80000 |
| 57 | 55 | എസ് എസ് കെ വിഹിതം നൽകൽ | 200000 | | | | | | | | 200000 |
| 58 | 56 | ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് ഫർണിച്ചറും ഉപകരണങ്ങളും വാങ്ങൽ | | | | | | | | 20000 | 20000 |
| 59 | 58 | സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിക്ക് ഇക നൽകൽ | 25000 | | | | 25000 | | | | 50000 |
| 60 | 59 | ബാലസഭ | 13000 | | | | | | | | 13000 |
| 61 | 60 | സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകൽ | 320000 | | | | | | | | 320000 |
| 62 | 62 | കടവൂർ എൽ പി സ്കൂൾ കണ്ടിജൻസി ചിലവുകൾ | | | | | | | | 50000 | 50000 |
| 63 | 63 | കൊളുയർ ഇമ്പ്ലാൻഡ് ചെയ്യുവരുടെ ഉപകരണങ്ങളുടെ റിപ്പയറിന് ഇക | 50000 | | | | | | | | 50000 |
| 64 | 64 | ഐ സി ഡി എസ് ഓഫീസ് കണ്ടിജൻസി ചിലവുകൾ | | | | | | | | 200000 | 200000 |
| 65 | 65 | വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ നൽകൽ | 200000 | | | | | | | | 200000 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 66 | 69 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | | | | | | | | 200000 | 200000 |
| 67 | 70 | കടവൂർ എഫ് എച്ച് സിയിലെ ഫാർമസിസ്റ്റ് വേതനം നൽകൽ | | | 270000 | | | | | | 270000 |
| 68 | 71 | അംഗനവാടികളുടെ നവീകരണം -സെന്റർ നമ്പർ -69-61-62-67 | | | | | | | | 854000 | 854000 |
| 69 | 72 | അംഗനവാടികളുടെ നവീകരണം -സെന്റർ നമ്പർ -63-64-74-70-60 | | | | | | | | 940000 | 940000 |
| 70 | 73 | ഹോമിയോ ഡിസ്പെൻസറി നവീകരണം | | | | | | | | 200000 | 200000 |
| 71 | 75 | ആയുർവേദ ഡിസ്പെൻസറി മെയിന്റനൻസ് | | | | | | | | 500000 | 500000 |
| 72 | 77 | കടവൂർ എൽ പി സ്കൂൾ പുനരുദ്ധാരണം | | | | | | | | 300000 | 300000 |
| 73 | 108 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ എം സി | 135857 | | | | | | | | 135857 |
| 74 | 109 | ക്ഷയരോഗികൾക്ക് പോഷകാഹാര കിറ്റ് | 50000 | | | | | | | | 50000 |
| | | | 1016297 | 3079120 | 329647 | 4835620 | 6491040 | 20000000 | | 5379000 | 50032724 |
| | | | | | | | | | | | |

**പശ്ചാത്തല മേഖല**

| ക്രമനം | പ്രോ. നം | പദ്ധതിയുടെ പേര് | വികസന ഫണ്ട് ജനറൽ | എസ് സി പി | തനതുഫണ്ട് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ല പഞ്ചായത്ത് വിഹിതം | മറ്റുള്ളവ | മെയിന്റനൻസ് ഗ്രാന്റ് റോഡ് | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| 75 | 29 | വികസന ആവശ്യത്തിനായി ഭൂമി വാങ്ങൽ | 3135040 | | | | | | | | 3135040 |
| 76 | 45 | പഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങൽ | 1300000 | | | | | | | | 1300000 |
| 77 | 78 | ആയങ്കര ജനത ക്രോസ്സ് റോഡ് മെയിന്റനൻസ് -വാർഡ് 1 | | | | | | | 1000000 | | 1000000 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 78 | 79 | കമ്പിക്കവല വെട്ടിയാഠകണ്ടം റോഡ് മെയ്ന്റനൻസ് -വാർഡ് 4 | | | | | | | 400000 | | 400000 |
| 79 | 80 | മഞ്ചിപീടിക തെക്കേ പുന്നമറ്റം റോഡ് മെയ്ന്റനൻസ് -വാർഡ് 2 | | | | | | | 200000 | | 200000 |
| 80 | 81 | എം വി ഐ പി കനാൽ റോഡ് മെയ്ന്റനൻസ് -വാർഡ് 2 | | | | | | | 1000000 | | 1000000 |
| 81 | 82 | കാവുംപാറ പിട്ടപ്പിള്ളികവല റോഡ് മെയ്ന്റനൻസ് -വാർഡ് 3 | | | | | 1000000 | | 1100000 | | 2100000 |
| 82 | 83 | മാങ്കുളം എസ്റ്റേറ്റ് റോഡ് മെയ്ന്റനൻസ് -വാർഡ് 3 | | | | | | | 610000 | | 610000 |
| 83 | 84 | ലേബർ ലെയിൻ റോഡ് മെയ്ന്റനൻസ് -വാർഡ് 3 | | | | | | | 400000 | | 400000 |
| 84 | 85 | കടിലികോളനി റോഡ് മെയ്ന്റനൻസ് -വാർഡ് 4 | | | | | | | 650000 | | 650000 |
| 85 | 86 | ചിരക്കന്നംപടി ഒരേക്കർ കോളനി റോഡ് -വാർഡ് 5 | | | | | | | 600000 | | 600000 |
| 86 | 87 | കടവൂർ നോർത്ത് ഇല്ലിച്ചുവട് റോഡ് മെയ്ന്റനൻസ് -വാർഡ് 6 | | | | | | | 200000 | | 200000 |
| 87 | 88 | ഭില്ലുംപടി വടക്കേ പുന്നമറ്റം ചർച്ച് റോഡ് മെയ്ന്റനൻസ് -വാർഡ് 6 | | | | | | | 500000 | | 500000 |
| 88 | 89 | കടവൂർ കോഴിപ്പിള്ളിപ്പാടം റോഡ് മെയ്ന്റനൻസ് -വാർഡ് 6 | | | | | | | 275000 | | 275000 |
| 89 | 90 | വെട്ടിക്കലോലി പാണൻപ്പാറ പൊത്തൻചിനി റോഡ് മെയ്ന്റനൻസ് -വാർഡ് 6 | | | | | | | 200000 | | 200000 |
| 90 | 91 | ഇരുപ്പളം ചുവട് വെട്ടിക്കൽ ഓലി റോഡ് മെയ്ന്റനൻസ് -വാർഡ് 7 | | | | | | | 600000 | | 600000 |
| 91 | 92 | കടവൂർ നാലാംബ്ലോക്ക് റോഡ് മെയ്ന്റനൻസ് -വാർഡ് 7 | | | | | | | 400000 | | 400000 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 92 | 93 | മല്ലപ്പിള്ളിക്കവല ശിവരാമൻ പടി മുള്ളാക്കുഴി കവല റോഡ് മെയ്ൻറനൻസ്- വാർഡ് 8 | | | | | | | 1000000 | | 1000000 |
| 93 | 94 | ഞാറക്കാട് ചെലക്കടവ് റോഡ് മെയ്ൻറനൻസ് -വാർഡ് 9 | | | | | 500000 | | 2100000 | | 2600000 |
| 94 | 95 | പനങ്കര നാലാംബ്ലോക്ക് റോഡ് മെയ്ൻറനൻസ് -വാർഡ് 10 | | | | | | | 700000 | | 700000 |
| 95 | 96 | പനങ്കര പഠബ് ഹൌസ് റോഡ് മെയ്ൻറനൻസ് -വാർഡ് 10 | | | | | | | 300000 | | 300000 |
| 96 | 97 | കടവൂർ പനങ്കര റോഡ് മെയ്ൻറനൻസ് - വാർഡ് 11 | | | | | | | 800000 | | 800000 |
| 97 | 98 | കടവൂർ പാറപ്പുഴ റോഡ് മെയ്ൻറനൻസ് - വാർഡ് 11 | | | | | | | 200000 | | 200000 |
| 98 | 100 | സൌത്ത് പുന്നമറ്റം എം വി ഐ പി കനാൽ ലിങ്ക് റോഡ് മെയ്ൻറനൻസ് - വാർഡ് 12 | | | | | | | 800000 | | 800000 |
| 99 | 101 | വെറ്റിനറി ഹോസ്പിറ്റൽ കല്ലൂപ്പറം റോഡ് മെയ്ൻറനൻസ് -വാർഡ് 13 | | | | | | | 1700000 | | 1700000 |
| 100 | 102 | പൈങ്ങോട്ടൂർ മാപ്പിളക്കുടി തണ്ട് റോഡ് മെയ്ൻറനൻസ് -വാർഡ് 14 | | | | | | | 350000 | | 350000 |
| 101 | 103 | എം വി ഐ പി കനാൽ റോഡ് അമ്പാട്ടുപാറ മെയ്ൻറനൻസ് -വാർഡ് 14 | | | | | | | 700000 | | 700000 |
| 102 | 104 | എം വി ഐ പി കനാൽ റോഡ് അലൈൻമെൻറ് തിരുത്തൽ -വാർഡ് 2 | | | | | | | 950000 | | 950000 |
| 103 | 105 | കടവൂർ പള്ളിത്താഴം റോഡ് മെയ്ൻറനൻസ് -വാർഡ് 11 | | | | | | | 600000 | | 600000 |
| 104 | 106 | സൌത്ത് പുന്നമറ്റം മഞ്ചിപീടിക റോഡ് മെയ്ൻറനൻസ് -വാർഡ് 12 | | | | | | | 700000 | | 700000 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 106 | 107 | തൊട്ടിയിൽ കോളനി റോഡ് മെയ്ന്റനൻസ് -വാർഡ് 3 | | 500000 | | | | | | | 500000 |
| | | | 4435040 | 500000 | | | 1500000 | | 19035000 | | 25470040 |
| | | | | | | | | | | | |
| ആകെ = 9997760 + 50032724 + 25470040 = 85500524 | | | | | | | | | | | |
| | | | | | | | | | | | |

## അദ്ധ്യായം 7

# പ്രത്യേക പദ്ധതികൾ / പരിപാടികൾ

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഒട്ടേറെ പദ്ധതികൾ മുൻകാലങ്ങളിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെങ്കിലും സാമ്പത്തികമായും സാമൂഹികമായും ഈ വിഭാഗം ഇനിയും ഉന്നതിയിലേക്കെത്തേണ്ടതുണ്ട്. അടിസ്ഥാന സൗകര്യവികസനം ഒരു വെല്ലുവിളിയായി നിലനിൽക്കുന്നു. അതോടൊപ്പം ഭൂരഹിതരും നല്ല വീടില്ലാത്തവരും ഭവനരഹിതരും നിരവധിയാണ്. ഈ ശോച്യാവസ്ഥ പരിഹരിക്കാൻ ഒരു പരിധി വരെ 2026-27 വാർഷിക പദ്ധതി ലക്ഷ്യമിടുന്നു. പട്ടികജാതിക്കാരുടെ അടിസ്ഥാന വികസനത്തിന് ഈ പദ്ധതിയിൽ കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നു.

## 2026-27 വാർഷിക പദ്ധതിയിലെ പ്രൊജക്ടുകൾ

സ്ത്രീകളെ സമൂഹത്തിൽ മുഖ്യധാരയിലേക്ക് എത്തിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അത്തരം പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് നാം പ്രതിജ്ഞാബദ്ധരാണ്. സ്ത്രീ ശാക്തീകരണവും വനിതാക്ഷേമവും മുൻനിർത്തി നിരവധി പദ്ധതികൾ ഈ വർഷം ആവിഷ്ക്കരിച്ചിട്ടുണ്ട്.

2026-27 വാർഷികപദ്ധതിയിൽ പട്ടികവർഗവിഭാഗത്തിന് ആനുകൂല്യം നൽകുന്നതിന് പഞ്ചായത്തിന് ഫണ്ട് ലഭിച്ചിട്ടില്ലാത്തതിനാൽ ഈ വിഭാഗത്തിന് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. പട്ടികവർഗ്ഗ വിഭാഗങ്ങൾ പഞ്ചായത്തിൽ ഊരുകളായിട്ടല്ല താമസിക്കുന്നത്. ആയതിനാലാണ് ഫണ്ട് ലഭിക്കാത്ത സാഹചര്യം ഉള്ളത്. ഗവൺമെന്റിന്റെ ശ്രദ്ധയിൽ ടി വിഷയം ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനറൽ ഫണ്ട് 22500/- രൂപയും ജില്ലാ ബ്ലോക്ക് വിഹിതം 67500/- രൂപയും വകയിരുത്തി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്.

## വനിത ഘടക പദ്ധതി

| | | | ഫണ്ട് | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രോ. നം | പ്രോജക്ട് | പ്ലാൻ ജനറൽ | എസ് സി പി |
| 1 | 23 | വനിത വിപണന കേന്ദ്രത്തിന് അനുബന്ധ സൌകര്യങ്ങൾ ഒരുക്കൽ | 200000 | |
| 2 | 52 | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭത്തിന് ധനസഹായ പദ്ധതി- പൊതുവിഭാഗം | 700000 | |
| 3 | 67 | കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന സംവിധാനത്തിന് ധനസഹായം | 622600 | |
| 4 | 76 | വനിതകള്ക്ക് നൈപുണ്യ പരിശീലനം | 250000 | |
| 5 | 99 | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭത്തിന് ധനസഹായ പദ്ധതി- പട്ടികജാതി | | 230080 |
| | | | 1772600 | 230080 |
| | | ആകെ | 2002680 | |

## കുട്ടികൾ , ഭിന്നശേഷിക്കാർ

| | | | ഫണ്ട് | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രോ. നം | പ്രോജക്ട് | പ്ലാൻ ജനറൽ | എസ് സി പി |
| 1 | 38 | നഴ്സറി കുട്ടികളുടെ ഭക്ഷണപാചക ചെലവ്-പട്ടികജാതി വിഭാഗം | 0 | 400000 |
| 2 | 58 | സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതിക്ക് തുക നൽകൽ | 25000 | 0 |
| 3 | 59 | ബാലസഭ | 13000 | 0 |

| | | | | |
|---|---|---|---|---|
| 4 | 60 | സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകൽ | 320000 | 0 |
| 5 | 25 | പല്ലാരിമംഗലം ബഡ്സ് സ്കൂളിന് വിഹിതം നൽകൽ | 100000 | 0 |
| 6 | 63 | കൊക്ലയർ ഇമ്പ്ലാൻഡ് ചെയ്തവരുടെ ഉപകരണങ്ങളുടെ റിപ്പയറിങ് തുക | 50000 | 0 |
| 7 | 68 | ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ സഹായം | 100000 | 0 |
| | | | **608000** | **400000** |
| | | ആകെ | 1008000 | |

## വയോജനങ്ങൾ

| ക്രമ നമ്പർ | പ്രോ. നം | പ്രോജക്ട് | ഫണ്ട് | |
|---|---|---|---|---|
| | | | പ്ലാൻ ജനറൽ | എസ് സി പി |
| 1 | 48 | വയോജനങ്ങൾക്ക് കട്ടിൽ - പട്ടികജാതി | 0 | 150000 |
| 2 | 65 | വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ നൽകൽ | 200000 | 0 |
| 3 | 2 | പാലിയേറ്റീവ് പരിചരണം | 800000 | 0 |
| | | | 1000000 | 150000 |
| | | ആകെ | 1150000 | |

## പ്രത്യേക ഘടക പദ്ധതികൾ ( എസ് സി പി )

| ക്രമ നമ്പർ | പ്രോ. നം | നഴ്സറി കുട്ടികൾക്ക് | ഫണ്ട് | |
|---|---|---|---|---|
| | | | പ്ലാൻ ജനറൽ | എസ് സി പി |
| 1 | 38 | ഭക്ഷണപാചക ചെലവ്-പട്ടികജാതി വിഭാഗം | | 400000 |
| 2 | 40 | വിജയ ഭേരി-പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | 250000 |
| 3 | 42 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - പട്ടികജാതി വിഭാഗം | | 630000 |
| 4 | 43 | ഭവന പുനരുദ്ധാരണം എസ് സി | | 665353 |
| 5 | 46 | അടുക്കളമുറ്റത്തെ മുട്ടക്കോഴി വളർത്തൽ-എസ് സി | | 100800 |
| 6 | 47 | ലൈഫ് ഭവന നിർമാണം എസ് സി | | 400000 |
| 7 | 48 | വയോജനങ്ങൾക്ക് കട്ടിൽ - പട്ടികജാതി | | 150000 |
| 8 | 50 | ലൈഫ് ഭവന പദ്ധതി വായ്പ തുക തിരിച്ചടവ് - എസ് സി | | 283767 |
| 9 | 51 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം | | 300000 |
| 10 | 99 | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭത്തിന് ധനസഹായ പദ്ധതി-പട്ടികജാതി | | 230080 |
| 11 | 107 | തൊട്ടിയിൽ കോളനി റോഡ് മെയ്ൻറനൻസ് -വാർഡ് 3 | | 500000 |
| ആകെ | | | 3910000 | |

## അദ്ധ്യായം 8

# വായ്പാ ബന്ധങ്ങൾ

ഗ്രാമപഞ്ചായത്തിലെ എല്ലാവർക്കും സുരക്ഷിതമായ വാസയോഗ്യമായ ഭവനം നൽകുക എന്നതാണ് ലക്ഷ്യം. KURDFC യിൽ നിന്ന് വായ്പ ലഭ്യമാക്കി പരമാവധി എല്ലാ കുടുംബങ്ങൾക്കും ഭവനം നിർമ്മിച്ച് നൽകുന്നതിന് 2026-27 വാർഷിക പദ്ധതിയിൽ പ്രൊജക്ട് ഏറ്റെടുത്തിട്ടുണ്ട്. ലൈഫ് 2022 ഗുണഭോക്തൃലിസ്റ്റിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് പര്യാപ്തമായ രീതിയിൽ നൽകുന്നതിനുള്ള തുക കണ്ടെത്തുക എന്നത് പഞ്ചായത്തിന് വലിയ സാമ്പത്തിക ബാധ്യതയാണ് വരുത്തുന്നത്. ഈ മേഖലയിൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്.

സ്വയംതൊഴിൽ സംരംഭകർക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിന് പഞ്ചായത്ത് വായ്പാ ബന്ധിത പ്രൊജക്ട് ഏറ്റെടുത്തിട്ടുണ്ട്.

## അദ്ധ്യായം 9

# സംയോജന സാധ്യതകളും സമഗ്രപരിപാടികളും

കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലയളവുകളിലെ പോരായ്മകൾ പരിഹരിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശങ്ങളുടേയും ജനങ്ങളുടേയും സമഗ്രപുരോഗതിക്ക് അനുയോജ്യമായ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര വികസന പരിപാടിക്കാണ് രൂപം കൊടുത്തിട്ടുള്ളത്. കൃഷി മേഖലയുമായി ബന്ധപ്പെട്ട മണ്ണ് ജല സംരക്ഷണ പ്രവൃത്തികളായ നീർക്കുഴി നിർമ്മാണംസ കയ്യാലനിർമ്മാണം, ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം എന്നിവ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചിരിക്കുന്നു. പൂരകപോഷകാഹാര പരിപാടി, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്നീ പ്രോജക്ടുകൾ ജില്ലാ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് എന്നിവരുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നതും ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് സ്ഥലംവാങ്ങൽ, ഭവനരഹിതർക്ക് ഭവനനിർമ്മാണം എന്നീ പ്രൊജക്ടുകൾ ബ്ലോക്ക് / ജില്ലാപഞ്ചായത്ത് / പി.എം.എ.വൈ. / പട്ടികജാതി വികസനവകുപ്പ് / സംസ്ഥാന ഗവൺമെന്റ് എന്നിവരുമായി സംയോജിപ്പിച്ച് ലൈഫ് ഭവനപദ്ധതിയിലൂടെ നടപ്പിലാക്കുന്നതിന് രൂപം നൽകിയിട്ടുണ്ട്. എം.എൽ.എ./ എം.പി. എന്നിവരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്.

ആരോഗ്യമേഖലയിൽ ആയുർവ്വേദ ഡിസ്പെൻസറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ടും, ഫാമിലി വെൽഫെയർ സെന്റർ കടവൂരിന് കെട്ടിടം നവീകരിക്കുന്നതിനുള്ള ഫണ്ടും മേൽതട്ടിൽ നിന്നും അനുവദിച്ച് ലഭിച്ചിട്ടുണ്ട്. പാഴ്ചെലവുകൾ വരുത്താതെ ഏകോപനത്തോടെയുള്ള പദ്ധതികൾക്കാണ് അനുവാദം നൽകിയിരിക്കുന്നത്. 2025-26 വർഷത്തെ പദ്ധതികൾ സമഗ്ര സംയോജന പദ്ധതികളായി നടപ്പിലാക്കുന്നതിന് മറ്റു സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകൾ കൂടി ലഭ്യമാക്കി നടപ്പിൽ വരുത്തുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ടുകൾ കൂടി കണ്ടെത്തി സമഗ്രവികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതാണ്.

## അദ്ധ്യായം 10

# മോണിട്ടറിംഗ് സംവിധാനങ്ങൾ

പദ്ധതി നിർവ്വഹണം കാര്യക്ഷമമായും ഫലപ്രദമായും നടപ്പിലാക്കുന്നതിനും പാഴ്ച്ചെലവ് ഒഴിവാക്കുന്നതിലേക്കുമായി ശക്തമായ മോണിട്ടറിംഗ് സംവിധാനം ആവശ്യമാണ്. പ്രൊജക്ട് നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, പോരായ്മകൾ പരിഹരിക്കുന്നതിനും സമയം ബന്ധിതമായി പ്രൊജക്ടുകൾ പൂർത്തീകരിക്കുന്നതിനുമായി ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നതിന് പ്രവർത്തന സമിതികൾ തന്നെ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നതാണ്. സുതാര്യത ഉറപ്പാക്കുന്നതിനും പ്രോജക്ടുകളുടെ ലക്ഷ്യം നിർദ്ദിഷ്ട സമയത്തിനുള്ളിൽ കൈവരിക്കുവാനും ശക്തമായ മോണിട്ടറിംഗ് സംവിധാനത്തിലൂടെ സാധിക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുകൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് യഥാസമയം മോണിറ്റർ ചെയ്യുകയും റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതാണ്. മോണിട്ടറിംഗ് സമിതി എല്ലാ മാസവും യോഗം ചേരുന്നതിനും തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് റിപ്പോർട്ട് ഭരണസമിതിയ്ക്ക് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കുന്നതാണ്. എല്ലാ മരാമത്ത് പ്രവർത്തിയും പ്രത്യേകം മോണിട്ടറിംഗ് ചെയ്യുന്നതാണ്. വാർഡ് തലത്തിൽ യോഗം ചേരുന്നതിന് ശേഷം പഞ്ചായത്ത് തലത്തിലും നിർവ്വഹണ ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കൃത്യമായ മോണിട്ടറിംഗ് സംവിധാനം ഉണ്ടെങ്കിൽ മാത്രമേ പദ്ധതി പ്രവർത്തനങ്ങൾ ചിട്ടയായി നടക്കുകയുള്ളൂ. ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## പ്രവർത്തന കമ്മറ്റികൾ

1. പൊതു ഭരണവും ധനകാര്യവും

| | | |
|---|---|---|
| ചെയർപേഴ്സൺ | - | ശ്രീമതി സിസി ജയ്സൺ |
| കൺവീനർ | - | സെക്രട്ടറി |

2. കൃഷി

| | | |
|---|---|---|
| ചെയർപേഴ്സൺ | - | ശ്രീമതി. ലിസി കുരുവിള |
| കൺവീനർ | - | കൃഷി ഓഫീസർ |

3. മൃഗസംരക്ഷണവും ക്ഷീരവികസനവും

| | | |
|---|---|---|
| ചെയർമാൻ | - | ശ്രീ. ഡായി തോമസ് |
| കൺവീനർ | - | ഡോ. സുമീറ ഇബ്രാഹിം |

4. പ്രാദേശിക സാമ്പത്തിക വികസനം

| | | |
|---|---|---|
| ചെയർമാൻ | - | ശ്രീ. ശരത് രാജൻ |
| കൺവീനർ | - | വി ഇ ഒ |

5. ദാരിദ്ര്യ ലഘൂകരണം

| | | |
|---|---|---|
| ചെയർമാൻ | - | ശ്രീ. ജോബി ജോസ് |
| കൺവീനർ | - | വി ഇ ഒ |

6. സാമൂഹ്യനീതി (വൃദ്ധർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ)

| | | |
|---|---|---|
| ചെയർപേഴ്സൺ | - | ശ്രീമതി അജിത മോൾ കെ ആർ |
| കൺവീനർ | - | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

7. വനിതാ വികസനം

| | | |
|---|---|---|
| ചെയർപേഴ്സൺ | - | ശ്രീമതി. പുഷ്പലത |
| കൺവീനർ | - | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

8. പട്ടികജാതി വികസനം

| | | |
|---|---|---|
| ചെയർമാൻ | - | ശ്രീ ബോബി പള്ളിക്കാപറമ്പിൽ |
| കൺവീനർ | - | അസിസ്റ്റൻറ് സെക്രട്ടറി |

9. ആരോഗ്യം

| | | |
|---|---|---|
| ചെയർപേഴ്സൺ | - | ശ്രീമതി വീണ ബാബു |
| കൺവീനർ | - | ഡോക്ടർ ജയലക്ഷ്മി |

10. കുടിവെള്ളം ശുചിത്വം

| | | |
|---|---|---|
| ചെയർമാൻ | - | ശ്രീ ബെൽജി മാത്യു |
| കൺവീനർ | - | അസിസ്റ്റൻറ് എഞ്ചിനീയർ |

11. വിദ്യാഭ്യാസം, സാംസ്ക്കാരികം, കലാ കായിക വികസനം, യുവജനക്ഷേമം

| | | |
|---|---|---|
| ചെയർമാൻ | - | ശ്രീ. റാജി വിജയൻ |
| കൺവീനർ | - | ഹെഡ്മിസ്ട്രസ് ഗവ. എൽ പി സ്കൂൾ |

12. പൊതുമരാമത്ത്

| | | |
|---|---|---|
| ചെയർപേഴ്സൺ | - | ശ്രീമതി നൈസി ഫെബിൻ |
| കൺവീനർ | - | അസിസ്റ്റൻറ് എൻജിനീയർ |

13. ജൈവവൈവിദ്ധ്യ മാനേജ്മെൻറ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം

| | | |
|---|---|---|
| ചെയർപേഴ്സൺ | - | ശ്രീമതി സിബി ബേസിൽ |
| കൺവീനർ | - | സെക്രട്ടറി |